കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോത്തൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/2410/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 19.01.2019

ഫോൺ:0471-2331231

Email:lfadtvm@yahoo.in

dotvm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോത്തൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: പോത്തൻകോട് ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയ്ക്കും ഭാഗം 3-ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,
(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/2410/18 തീയതി 19.01.2019

<u>തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.06.2017 മുതൽ 21.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 49എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. സാജൻലാൽ എസ്.ജെ.<br>(ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.2018മുതൽ 30.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.മനേഷ് .ബി.എച്ച്.<br>ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മുഹമ്മദ് സലിം.എ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. തനുജ.എം.എൻ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. വിനുകുമാർ. പി.കെ.<br>ഓഡിറ്റർ |
| | | ശ്രീ.ശരത് ജെ. ശങ്കർ,<br>ഓഡിറ്റർ |
| | | ശ്രീമതി. കല. പി.<br>ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ.കെ.വേണുഗോപാലൻ നായർ |

| | | |
|---|---|---|
| | | (01.04.17 മുതൽ 31.03.18 വരെ) |
| സെക്രട്ടറി | : | ശ്രീ. കെ. ബാബു<br>(01.04.17 മുതൽ 31.03.18 വരെ ) |

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ലാൽസിംഗ്.എസ്. | 01.04.17മുതൽ 31.03.18വരെ |
| വി.ഇ.ഒ. | ശ്രീ. സമീർ.ആർ.എസ്. | 01.04.17മുതൽ 31.03.18വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.അനില പീതാംബരൻ | 01.04.17മുതൽ 05.10.17വരെ |
| | ശ്രീമതി. പ്രീതി ഡേവിഡ്സൺ | 06.10.17മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പത്മചന്ദ്രൻ നായർ. സി. | 01.04.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, (ആയുർവേദം) | ഡോ. യു. ഷാജി | 01.04.17മുതൽ 31.03.18വരെ |
| അഗ്രി. ഓഫീസർ | ശ്രീ. സലാഹുദ്ദീൻ. എ. | 01.04.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ശ്രീമതി.അഫിന.എം.താഹ | 01.04.17മുതൽ 21.05.17 വരെ |
| | ശ്രീ. ബിനോയ് ഡി.രാജ് | 22.05.17മുതൽ 03.07.17വരെ |
| | ശ്രീമതി. അഞ്ജുരാജ് | 04.07.17മുതൽ 31.03.18വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി. കുമാരി കല.എസ്. | 01.04.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി.ലക്ഷ്മി.വി.ആർ | 01.04.17മുതൽ 31.03.18വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഷമീന ബീഗം | 01.04.17മുതൽ 31.03.18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജേഷ്. പി. | 01.04.17മുതൽ 27.06.17വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി.അൻസി.എ.ആർ. | 28.06.17മുതൽ 31.03.18വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | ആപത്കരവും അസഹ്യവുമായ വ്യാപാര സ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 2-2 | |
| 15 | തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത | 2-3 | |
| 16 | മൊബൈൽ ടവർ വിവരശേഖരണം നടത്തിയിട്ടില്ല | 2-4 | |
| 17 | ബി.എസ്.എൻ.എല്ലിൽ നിന്നും സ്ഥാപനികുതി ഈടാക്കിയില്ല | 2-5 | |
| 18 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-6 | |
| 19 | ലേല നടപടി ക്രമം പാലിച്ചിട്ടില്ല | 2-7 | |
| 20 | ക്രമവൽക്കരണം, പെർമിറ്റ് ഫീസ് ഈടാക്കുന്നതിൽ അപാകത | 2-8 | |
| 21 | പൊളിച്ചെടുത്ത സ്റ്റേജിന്റെ ഉപയോഗപ്രദമായ വസ്തുക്കൾ ലേലം ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം | 2-9 | |

| | | | |
|---|---|---|---|
| | | | |
| 22 | ഭാഗം 3 – ചെലവ്<br><br>പ്രതിമാസ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിൽ വീഴ്ച | 3-1 | |
| 23 | വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല | 3-2 | |
| 24 | സംയുക്ത പ്രോജക്ടുകൾ-ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരികെ ഒടുക്കിയില്ല | 3-3 | |
| 25 | വിനിയോഗ വിവരങ്ങളില്ല - 16,39,430/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 | |
| 26 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് ആനുകൂല്യം ലഭ്യമാകുന്നില്ല. | 3-5 | |
| 27 | കുടിവെള്ള വിതരണം 6,23,465/-രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല | 3-6 | |
| 28 | വേങ്ങോട് മാർക്കറ്റിൽ കുഴൽക്കിണർ പ്രവർത്തന സജ്ജമായില്ല | 3-7 | |
| 29 | ക്ഷീര വികസന മേഖലയിലെ ആസൂത്രണം പ്രാവർത്തികമാകുന്നില്ല | 3-8 | |
| 30 | തൽസ്ഥിതി വിവരങ്ങൾ കാലികമാക്കിയില്ല | 3-9 | |
| 31 | പൊതുമരാമത്ത് പ്രവൃത്തികളിൽ ടെക്നിക്കൽ സർക്കുലർ നിർദ്ദേശം പാലിക്കാത്തതിൽ അധിക ചെലവിനും ഗുണനിലവാരതകർച്ചയ്ക്കും സാധ്യത. | 3-10 | |
| 32 | കൺവീനർ പ്രവൃത്തിയ്ക്ക് അധിക ആനുകൂല്യം നൽകി 9,384/- നിരാകരിക്കുന്നു | 3-11 | |
| 33 | പോത്തൻകോട് മാർക്കറ്റ് മാലിന്യ പ്ളാന്റ് ചുറ്റുമതിൽ നിർമ്മാണം-- അപാകതകൾ | 3-12 | |
| 34 | പ്ലാസ്റ്റിക് മുക്ത പ്രഖ്യാപനം ലക്ഷ്യം കണ്ടില്ല | 3-13 | |
| 35 | മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചില്ല | 3-14 | |
| 36 | നേതാജിപുരം അംഗൻവാടി മെയിന്റനൻസ് നടത്തിപ്പിൽ -പഞ്ചായത്ത് ഫണ്ടിന് 8,002/- രൂപ നഷ്ടം | 3-15 | |
| 37 | ബഡ്സ് സ്കൂൾ പ്രവർത്തനം -സർക്കാർ മാർഗരേഖ പാലിക്കുന്നില്ല. | 3-16 | |
| 38 | ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമല്ല | 3-17 | |
| 39 | സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച് പദ്ധതി ആസൂത്രണം നടന്നിട്ടില്ല | 3-18 | |
| 40 | പാലിയേററീവ് കെയർ -സമിതികൾ യോഗം ചേരുന്നില്ല. | 3-19 | |

| | | | |
|---|---|---|---|
| 41 | മരുന്ന് വാങ്ങൽ പദ്ധതി-ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 3-20 | |
| 42 | യുവജന ക്ളബ്ബുകൾക്ക് സ്പോർട്സ് കിറ്റ്-പദ്ധതി നിർവ്വഹണത്തിൽ അപാകത | 3-21 | |
| | ഭാഗം - 4 | | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 46 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 48 | ഓഡിറ്റ് റിക്കവറി | 4-6 | |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തീയതി | 27.03.2017 |
| തീരുമാന നമ്പർ | I(1) |
| പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 34,16,63,961/- |
| ചെലവ് | 34,04,73,300/- |
| നീക്കിയിരിപ്പ് | 11,90,661/- |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 01.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 05.07.2018മുതൽ | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1547/2018 |

| | | |
|---|---|---|
| | 06.07.2018 വരെ | തീയതി 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,15,37,445/- |
| വരവ് | 7,59,40,539/- |
| ആകെ | 9,74,77,984/- |
| ചെലവ് | 8,63,82,889/- |
| നീക്കിയിരിപ്പ് | 1,10,95,095/- |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 15359025 | 15359025 | 15359025 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 7203422 | 7203422 | 7203422 | 0 |
| വികസന ഫണ്ട് റ്റി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 7382937 | 7382937 | 7382937 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 2456351 | 2456351 | 2456351 | 0 |
| സെന്റട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8484135 | 8484135 | 8484135 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2500652 | 2500652 | 2500652 | 0 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 8946037 | 10051000 | 18997037 | 20161684 | -1164647 |
| SBT-എം.എൻ.ആർ.ഇ.ജി.എസ്-67061729784 | 3114 | 1748002 | 1751116 | 1705354 | 45762 |
| എസ്.ബി.ഐ-ഇ-പേയ്മെന്റ് | 0 | 880189 | 880189 | 0 | 880189 |
| ബി ഫണ്ട് | 0 | 282600 | 282600 | 282600 | 0 |
| Co-operative Bank-തനത് ഫണ്ട് | 0 | 0 | 0 | 0 | 0 |
| Dist.Co-operative Bank-തനത് ഫണ്ട്-4 | 11695185 | 19591754 | 31286939 | 20054830 | 11232109 |
| ട്രഷറി- തനത് ഫണ്ട്-VPFA-I,II | 9760 | 0 | 9760 | 0 | 9760 |
| VPFA-I | 0 | 0 | 0 | 0 | 0 |
| SBT-പോത്തൻകോട്-Spl Funds-1 | 791899 | 0 | 791899 | 791899 | 0 |
| Co-operative Bank-Spl Funds-1 | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| Thonnakkal Agri. Co-operative Society | 91450 | 472 | 91922 | 0 | 91922 |
| ക്യാഷ് (തനത് ഫണ്ട്) | 0 | 0 | 0 | 0 | 0 |
| ആകെ | 21537445 | 75940539 | 97477984 | 86382889 | 11095095 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫിസർ | 8 | 1501240 | 1 | 956720 | 7 | 0 | 13 |
| 2 | വെറ്ററിനറി സർജൻ | 8 | 4711150 | 6 | 2527000 | 2 | 0 | 75 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 5 | 927934 | 3 | 737453 | 0 | 2 | 60 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 500000 | 2 | 400000 | 0 | 1 | 67 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 2035000 | 4 | 2026194 | 1 | 0 | 80 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 4192671 | 0 | 3292547 | 7 | 1 | 0 |
| 7 | വി.ഇ.ഒ. | 9 | 8635000 | 6 | 7259850 | 1 | 2 | 67 |
| 8 | സെക്രട്ടറി | 23 | 11997165 | 3 | 6291572 | 7 | 13 | 13 |
| 9 | അസി.സെക്രട്ടറി | 10 | 4873850 | 2 | 4053535 | 7 | 1 | 20 |
| 10 | അസി.എഞ്ചിനിയർ | 76 | 43980281 | 0 | 22192649 | 45 | 31 | 0 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 2892800 | 1 | 1730419 | 2 | 1 | 25 |
| 12 | എച്ച്.എം. ജി. യു.പി.എസ്. | 3 | 1707598 | 1 | 1632198 | 1 | 1 | 33 |
| | ആകെ | 162 | 88004689 | 29 | 53148067 | 80 | 53 | |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3114 | 1748002 | 1751116 | 1705354 | 45762 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 64368478 | 64368478 | 64368478 | 0 |
| ആകെ | 3114 | 66116480 | 66119594 | 66073832 | 45762 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 6417200 | 592 |
| തൊഴിൽരഹിത വേതനം | 192600 | 331 |
| വിധവാ പെൻഷൻ | 16729100 | 1417 |
| വികലാംഗ പെൻഷൻ | 4748500 | 400 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 400600 | 35 |
| വാർദ്ധക്യ പെൻഷൻ | 29125200 | 2348 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |
| ആകെ | 57703200 | 5126 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2018 രാവിലെ 10.30 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 22,459/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടുണ്ട്. നിയമാനുസൃതം ബജറ്റ് തയ്യാറാക്കാത്തതിനാലാണ് ബജറ്റിൽ അധികരിച്ച ചെലവ് ഉണ്ടാകാൻ കാരണം. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. പണം സ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നല്കിയിട്ടുണ്ടെങ്കിലും ദിവസേനയുള്ള വരവ് ഒടുക്ക് വരുത്തുന്നതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ചെലവുകൾക്ക് വൗച്ചറുകളും, സബ് വൗച്ചറുകളും സൂക്ഷിക്കുന്നതിൽ അപാകമുണ്ട്. വൗച്ചറുകളിൽ നമ്പർ രേഖപ്പെടുത്തുകയോ ചെക്ക് നമ്പർ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽനോട്ട ചുമതല കൃത്യമായി നിർവ്വഹിക്കുന്നതിൽ വീഴ്ചയുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടിനാണ് പ്രസ്തുത ചുമതല നൽകിയിട്ടുള്ളത്. പ്രതിമാസ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയമപരമായ ബാധ്യതയാണ്. എന്നാൽ ഈ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ

കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്.

(i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാമാസവും കൂടിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം പരിപാലിച്ചിട്ടില്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണ്ണമാണ്. മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണ്ണമാണ്.<br>മോണിറ്ററിംഗ് നടത്തിയിട്ടില്ല. |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |

| | | |
|---|---|---|
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br><br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ പിറ്റേ ദിവസം സെക്ഷനുകൾക്ക് നൽകാറുണ്ട്<br><br>മോണിറ്ററിംഗ് നടത്താറില്ല |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി,വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൌരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടില്ല. |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി. 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം.11/23.10.2018) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

iii)പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ,

പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2018 മുതൽ 09.10.2018 വരെ | 01.02.2017 മുതൽ 31.08.2017 വരെ | 28.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.03.2015 | 2010-11 മുതൽ 2014-15 വരെ | 09.07.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഇല്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രപ്പോസൽ ആവശ്യപ്പെട്ടിട്ടില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനവരി 15-ന് മുൻപ് | ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 20.03.2017 |

| | | | |
|---|---|---|---|
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 20.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | പ്രത്യേക കമ്മിറ്റി ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 27.03.17 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകടുകയോ സ്ഥാപനങ്ങൾ ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും ലംഘിച്ചുകൊണ്ടാണ് ഘടകസ്ഥാപനങ്ങളുടെ ആവശ്യകതാ നിർണ്ണയംപോലും നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്.

നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും - മറ്റ് വിളകൾ ജനറൽ | 250100201 | 255000 | 708460 |
| 2 | സേവന സംരംഭങ്ങൾ | 250301501 | 50000 | 90000 |
| 3 | സ്പോർട്സ് | 251100701 | 15000 | 37930 |
| 4 | പ്രത്യേക ആരോഗ്യ പരിപാടി | 251200301 | - | 35717 |
| 5 | ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി | 251301301 | - | 1480200 |

## 2-2 ആപത്കരവും അസഹ്യവുമായ വ്യാപാര സ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

എ)ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

2017-18വർഷം പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് പുതുക്കാൻ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്റർ മാത്രമാണ് നിലവിൽ സൂക്ഷിക്കുന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്തിൽ ആകെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

ബി)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2016-17 വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച I, V, XI, XV വാർഡിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2017-18 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ് | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | I | സജീവ്.എസ്.വി. | പലചരക്ക് കട |
| 2 | I | സുഭാഷ് വി. | ടെക്സ്റ്റൈൽസ് |
| 3 | I | ശശിധരൻ നായർ.കെ. | സ്റ്റേഷനറി |
| 4 | I | സന്ധ്യ.വി.എ. | സ്നാക്ക്സ് |
| 5 | I | സിയാദ്.എസ്. | പലചരക്ക് കട |
| 6 | I | എൻ.പ്രസാദ്. | തയ്യൽ കട |
| 7 | V | ഉത്തമൻ. കെ. | ഓട്ടോമൊബൈൽ |
| 8 | V | പുഷ്പാംഗതൻ | ഹോട്ടൽ |
| 9 | V | സോമശേഖരൻ | ഹാർഡ് വെയർ കട |
| 10 | V | രാധാകൃഷ്ണൻ | ഗ്ലാസ് പ്ലൈവുഡ് |
| 11 | V | മമതാദേവി.ആർ. | ബിൽഡിംഗ് മെറ്റീരിയൽ |
| 12 | V | പത്മകുമാരി.എസ്. | ബേക്കറി |
| 13 | V | ദിലീപ് കുമാർ | ഓട്ടോമൊബൈൽ |
| 14 | XI | മദുസൂധനൻ | സ്പെയർ പാർട്ട്സ് |
| 15 | XI | അയ്യപ്പൻ ആചാരി | ജ്വല്ലറി |
| 16 | XI | കമലാക്ഷി | പെട്രോൾ പമ്പ് |
| 17 | XI | അനിത രാജൻ | സ്റ്റിച്ചിംഗ് സെന്റർ |
| 18 | XI | പ്രദീപ് | ഫയർ എക്സ്റ്റിൻഗിഷർ |
| 19 | XI | പത്മിനി വിജയൻ | പ്ലംബിംഗ് മെറ്റീരിയൽ |
| 20 | XV | ശശിധരൻ ആശാരി | ഫർണിച്ചർ |
| 21 | XV | സബിർ | ഹാർഡ് വെയർ കട |
| 22 | XV | അരുൺഘോഷ് | മെഡിക്കൽ സ്റ്റോർ |
| 23 | XV | മോഹൻദാസ് | സ്റ്റേഷനറി |
| 24 | XV | മായ | സ്നാക്ക്സ് സ്റ്റോർ |

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ഡി.&ഒ. ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന്

ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത

അംഗീകരിച്ച ബജറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ 22,00,000/-രൂപയുടെ വരവാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 18,01,300/- രൂപയാണ്. ബജറ്റ് തയ്യാറാക്കിയ വേളയിൽ വിഭവസമാഹരണം സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്താത്തതിനാലാണ് ഇത്തരം അന്തരമുണ്ടായത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ടസമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്1) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

തൻവർഷത്തെ തൊഴിൽ നികുതി അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

i)നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഡി&ഒ ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഡി&ഒ ലൈസൻസിനായി സമർപ്പിച്ച ആദ്യ 100 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം | ജീവനക്കാർ |
|---|---|---|---|---|
| 1 | VI/904 | മുഹമ്മദ് റാഫി | ബിയർ&വൈൻ പാർലർ | 12 |
| 2 | VI/1077,78 | മാനേജിംഗ് ഡയറക്ടർ | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 8 |
| 3 | VII/259/3 | നിസ്സാം .ജെ | സ്വർണ്ണ വില്പന | 8 |
| 4 | VII/259/2 | നിസ്സാം .ജെ | ടെക്സ്റ്റൈൽസ് & ഫർണീച്ചർ | 18 |
| 5 | VII/808,9,10,11 | നിസ്സാം .ജെ | ഇലക്ട്രോണിക്സ് & ഫർണീച്ചർ | 8 |
| 6 | VII/331,32 | സ്വാമി ചൈതന്യ | ആയുർവേദ സിദ്ധ വൈദ്യശാല | 10 |
| 7 | VII/518 | അനീസ ബീഗം | PVC പൈപ്പ് നിർമ്മാണ യൂണിറ്റ് | 9 |

ii) നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല

നിർദ്ദിഷ്ട മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല.

a)ബി.എസ്.എൻ.എൽ പോത്തൻകോട് - ഒന്നാം അർദ്ധവർഷം

b)ഐ.സി.എൽ ഫിൻകോർപ്പ് - ഒന്നാം അർദ്ധവർഷം

iii) പത്രിക പൂർണ്ണമല്ല

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും വരുത്തിവേണം സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരുമാനത്തിനനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഇത്തരത്തിലും വരുമാന നഷ്ടത്തിന് സാധ്യതയുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ മേൽ സൂചിപ്പിച്ച പ്രകാരം റിട്ടേൺ സമർപ്പിച്ചിട്ടില്ല.

a)ഐ.സി.ഐ.സി.ഐ ബാങ്ക്, പോത്തൻകോട് - ഒന്നാം അർദ്ധവർഷം

b)നിസാമിയ പബ്ലിക് സ്കൂൾ -ഒന്നാം അർദ്ധവർഷം

iv)തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | പോലീസ് സ്റ്റേഷൻ, പോത്തൻകോട് | രണ്ടാം അർദ്ധവർഷം |
| 2 | സി.ഐ.ഓഫീസ് പോത്തൻകോട് | രണ്ടാം അർദ്ധവർഷം |
| 3 | പടിഞ്ഞാറേക്കോണം സാമിൽ | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

v)തൊഴിൽ നികുതി കുറവായി ഈടാക്കി

താഴെപ്പറയുന്ന ജീവക്കാർ തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| പേര് | ഉദ്യോഗപ്പേര്/ സ്ഥാപനം | ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| മുജീബ് റഹ്മാൻ | വില്ലേജ് ഓഫീസർ<br>കീഴ്തോന്നയ്ക്കൽ വില്ലേജ് ഓഫീസ് | 1,26,050/-<br>ഒന്നാം അർദ്ധവർഷം | 1250 | 300 | 950 |
| ശ്രീതാ . എ.എസ്. | ലക്ഷ്മീ വിലാസം ഹൈസ്കൂൾ പോത്തൻകോട് | 1,32,034/-<br>ഒന്നാം അർദ്ധവർഷം | 1250 | 1000 | 250 |
| സുജിത എം | ടെക്നിക്കൽ അസിസ്റ്റന്റ് | 1,26,000/-<br>ഒന്നാം അർദ്ധവർഷം | 1250 | 1000 | 250 |

| | | | | | |
|---|---|---|---|---|---|
| രശ്മി എസ്.ആർ. | OA<br>പോത്തൻകോട് ഗ്രാമപഞ്ചായത്ത് | 1,22,280/-<br>ഒന്നാം അർദ്ധവർഷം | 1000 | 750 | 250 |
| | | ആകെ | | | 1700 |

vi)കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017- 18വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1)അജയകുമാർ.ജി, ഭാഗീരഥീ നിലയം, വെട്ട്റോഡ്

2)കെ.മോഹനൻ നായർ, കൃഷ്ണവിലാസം, കല്ലുവിള

3)ഷാജി.ജി, പുത്തൻവീട്, അയണിമൂട്

4)എസ്.മണികണ്ഠൻ നായർ, നിശാന്ത്, കരൂർ

5)എൻ.നന്ദൻ,രോഹിണി, പോത്തൻകോട്

6)പ്രവീൺ.ഡി, ആറ്റിപ്രവീട്, അരശുംമൂട്,കുളത്തൂർ

7)ജി.ശശിധരൻ നായർ,കണിമംഗലം,കരിയിൽ, കഴക്കൂട്ടം

8)മോഹനകുമാരൻ നായർ,പണയിൽ പുത്തൻവീട്, കൊയ്ത്തൂർക്കോണം

9)എ.ഷിബു, എ.എസ് ഭവൻ, കാട്ടായിക്കോണം

10)എസ്.പ്രദീപ്, കൊച്ചുവടക്കതിൽ വീട്,കുളത്തൂർ പി.ഒ

11)ഹാരി ആഗസ്റ്റിൻ,ജീജാ കോട്ടേജ്, കഴക്കൂട്ടം

12)കെ.വിജയൻ, വിജയ ഭവൻ, കഴക്കൂട്ടം
(അവലംബം കോൺട്രാക്റ്റേഴ്സ് രജിസ്റ്റർ)

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

vii)സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഐ.സി.ഐ.സി.ഐ. ബാങ്ക്, പോത്തൻകോട് | I&II അർദ്ധവർഷം |
| 2 | മാവേലി സ്റ്റോർ, പോത്തൻകോട് | രണ്ടാം അർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്, പോത്തൻകോട് | I&II അർദ്ധവർഷം |
| 4 | മുത്തൂറ്റ് ഫിനാൻസ്, പോത്തൻകോട് | ഒന്നാം അർദ്ധവർഷം |

## 2-4 മൊബൈൽ ടവർ വിവരശേഖരണം നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളെക്കുറിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6 തീ 23.10.18) ലഭിച്ച മറുപടിയിൽ നാലാം വാർഡിൽ കെട്ടിട നം.100/1ൽ ഇൻഡസ് ടവറും 18-ാം വാർഡിൽ കെട്ടിട നം. 474-ൽ BSNL ടവറും മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്നാണ്. ഇതേ തുടർന്ന് ഗ്രാമപഞ്ചായത്ത് അതിർത്തിയിലെ മൊബൈൽ ടവറുകളെ സംബന്ധിച്ച് മൊബൈൽ കമ്പനികളുടെ വെബ്സൈറ്റ് പരിശോധിച്ചതിൽ (Root map ഉൾപ്പെടെ) AIRTEL മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പോത്തൻകോട് ജംഗ്ഷൻ,

കുന്നത്ത് ക്ഷേത്രം, ഇൻഫൻറ് ജീസസ് ചർച്ചിനു സമീപം എന്നിങ്ങനെ മൂന്ന് എണ്ണം പ്രവർത്തിക്കുന്നതായി കണ്ടെത്തുകയും ഇതു മുൻനിർത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (48/30.10.18) നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് മൊബൈൽ ടവറുകളുടെ വിവരശേഖരണം നടത്തിയിട്ടില്ലാന്നാണ്. മൊബൈൽ ടവറുകളെക്കുറിച്ച് കൃത്യമായ വിവരശേഖരണം നടത്താത്തതുമൂലം ഗ്രാമപഞ്ചായത്തിനു തനതു വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം കണ്ടെത്തി പിരിച്ചെടുക്കുന്നതിൽ ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-5 ബി.എസ്.എൻ.എല്ലിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. ഓഫീസിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം. കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-6 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17, 17-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 1,73,000/- രൂപ (2016-17, 93,300/- രൂപ, 2017-18, 79,700/- രൂപ )നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ലേല നടപടി ക്രമം പാലിച്ചിട്ടില്ല

2017-18വർഷത്തേയ്ക്ക് പഞ്ചായത്ത് പബ്ലിക്ക് മാർക്കറ്റിലെ ഓപ്പൺ സ്റ്റാളുകൾ ലേലം/ക്വട്ടേഷൻ (28.03.2018ൽ) നടപ്പാക്കിയതിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 31.03.2017 ലെ I(1) നമ്പർ തീരുമാനം പ്രകാരം താഴെപ്പറയുന്ന വ്യക്തികൾക്ക് സ്റ്റാളുകൾ അനുവദിച്ച ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട് .

| സ്റ്റാൾ നം. | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ആകെ ലേലത്തുക |
|---|---|---|
| 1 | അരുൺ.എ.കെ,<br>അക്ഷയ് ഭവൻ, മേലേമുക്ക്, പോത്തൻകോട് | 16,000/- |
| 8 | നിസാം. എസ്,<br>ഷിബിന മൻസിൽ, പോത്തൻകോട് | 7,000/- |
| 9 | നജീം.എസ്,<br>ഷിജിന മൻസിൽ, പോത്തൻകോട് | 10,500/- |

ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം, ക്വട്ടേഷൻ അന്തിമമായി അംഗീകരിച്ച് 5 ദിവസത്തിനകം മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ മേൽ വ്യക്തികൾ വ്യവസ്ഥ പ്രകാരമുള്ള കരാർ ചമച്ചിട്ടില്ല. കൂടാതെ കരാർ ചമയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ട് യാതൊരു അറിയിപ്പും മേൽ വ്യക്തികൾക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. ലേല/ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ റദ്ദ് ചെയ്ത് പുനർ ലേലം/ ക്വട്ടേഷൻ നടത്താൻ

പഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ആയതിൻമേൽ തുടർ നടപടിയൊന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 14.02.2018-ൽ (കത്ത് നം.എ2-1215/17) മാത്രമാണ് മേൽ ലേലത്തുക ഈടാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ലേലംകൊണ്ട വ്യക്തികൾക്ക് പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 19-ന് ലഭിച്ച മറുപടി പ്രകാരം ലേലം കൊണ്ട വ്യക്തികൾ പുനർലേലത്തിനു ശേഷമുള്ള ക്വട്ടേഷനിലാണ് സ്റ്റാളുകൾ അനുവദിച്ച് നൽകിയതെന്നും, ക്വട്ടേഷൻ അന്തിമമായി അംഗീകരിച്ച് നൽകിയ ശേഷം ലേലം കൊണ്ട വ്യക്തികൾ കരാർ ചമയ്ക്കാനും സ്റ്റാളുകൾ ഏറ്റെടുക്കാനും എത്തിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ജോലിയിൽ പ്രവേശിച്ച പഞ്ചായത്ത് ജീവനക്കാരൻ മേൽ വിവരങ്ങൾ പരിശോധിക്കാതെയാണ് ലേലം കൊണ്ട വ്യക്തികൾക്ക് തുക ഈടാക്കാൻ നിർദ്ദേശം നൽകികൊണ്ട് 14.02.2018-ൽ കത്ത് നൽകിയതെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെ 31.03.2017 ലെ I(2) നമ്പർ തീരുമാനം പ്രകാരം ലേലം/ക്വട്ടേഷൻ പ്രകാരം ഏറ്റെടുക്കാത്ത സ്റ്റാളുകൾ നിബന്ധനകൾക്ക് വിധേയമായി വാടകയ്ക്ക് നൽകാൻ തീരുമാനിച്ചിരുന്നു. എന്നാൽ ക്വട്ടേഷൻ പ്രകാരം ഏറ്റെടുക്കാത്ത മേൽ സ്റ്റാളുകൾ വാടകയ്ക്ക് നൽകാൻ യാതൊരു തുടർ നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിന് ഈ ഇനത്തിൽ വരുമാനക്കുറവ് സംഭവിച്ചിട്ടുണ്ട്. വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 2-8 ക്രമവൽക്കരണം, പെർമിറ്റ് ഫീസ് ഈടാക്കുന്നതിൽ അപാകത

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ ക്രമവൽക്കരണം നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പുറത്തിറക്കിയ 229813/RD/2/15ത.സ്വ.ഭ.വ. എന്ന സർക്കുലർ വഴി സ്പഷ്ടീകരണം നടത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നൽകിയ താഴെപ്പറയുന്ന ക്രമവൽക്കരണ അനുമതികളിൽ സർക്കുലർ നിർദ്ദേശം പാലിച്ചിട്ടില്ല.

| പേര് | ഫയൽ നം. | ഏരിയ | ഈടാക്കേണ്ടഫീസ് | ഈടാക്കിയ ഫീസ് | ബാക്കി |
|---|---|---|---|---|---|
| ക്രമവൽക്കരണം | | | | | |
| വി.ആർ.ഓമന | A3/4939<br>7.8.17 | 110.02m$^2$ | 825 | 275 | 550 |
| ബി.വിനിത | A3/6760/17<br>26.10.17 | 106.99m$^2$ | 2247 | 1123 | 1124 |
| എൻ.വിജയൻനായർ | A3/7557/17<br>4.12.17<br>(ഗ്രൂപ്പ A1 വാസയോഗ്യമൊഴികെയുള്ള വിഭാഗം) | 131.01m$^2$ | 983 | 328 | 655 |
| പെർമിറ്റ് | | | | | |
| ഷാജഹാൻ | A3/6609/17<br>19.10.17 | 150.07M$^2$ | 750 | 376 | 374 |

ഇഉ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/30.10.18) ഫീസ് അടവാക്കി ന്യൂനത പരിഹരിക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

തനത് വരുമാനത്തിൽ ചോർച്ചയുണ്ടാകാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രമിക്കേണ്ടതും ക്രമവൽക്കരണ ഫയലുകൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

## 2-9 പൊളിച്ചെടുത്ത സ്റ്റേജിന്റെ ഉപയോഗപ്രദമായ വസ്തുക്കൾ ലേലം ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം

പോത്തൻകോട് പബ്ലിക് മാർക്കറ്റിനോട് ചേർന്നുള്ള സ്റ്റേഡിയം വളപ്പിൽ നിലവിലുണ്ടായിരു ഓപ്പൺ എയർ ഓഡിറ്റോറിയം മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനുവേണ്ടി പൊളിച്ചു നീക്കേണ്ടി വന്നു. പ്രസ്തുത പ്രവൃത്തി പഞ്ചായത്ത് നേരിട്ട് നിർവ്വഹണം (അസി. എഞ്ചിയർ) നടത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് (Project No. 136/18). പ്രസ്തുത പ്രോജക്ട് 23-05-17 ലെ 11a(i) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകാരവും 61152/2017-18 നമ്പർ പ്രകാരം TS ഉം ലഭ്യമാക്കിയ പ്രവൃത്തിയ്ക്ക് 50,000/-രൂപ തനത് ഫണ്ടാണ് വകയിരുത്തിയത്. (അസി. എഞ്ചിനീയർ) തയാറാക്കി നൽകിയ Detailed Estimate പ്രകാരം (DSOR 2016 cost index 50.98%).

(15-3) 1. Demolishing RCC work-- 13.693m$^2$ @ Rs.1909.65/m$^2$= Rs. 26148.56

(15-3) 2. Demolishing Stone Rubble masoring

11.881m$^2$@ 1320.35/m$^2$ =15687

Service tax 4392.74 രൂപ 40 & 5.377/m$^2$ അടക്കം 50,000/-)

M Book 68/16-17 മേൽ സൂചിപ്പിച്ച അളവുകളിൽ മെറ്റീരിയൽസ് സ്റ്റാക്ക് ചെയ്ത് സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം രേഖാമൂലം സെക്രട്ടറിയെ ധരിപ്പിച്ചിട്ടില്ല. ഇത AEയുടെ കൃത്യ നിർവഹണത്തിലെ പിഴവാണ്. Dismantling charge ഇനത്തിൽ 42,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം. 695100026/4-05-2017 Rs.30,000) Rs.12,000/- (ചെക്ക് നം.7-6-17) എന്നാൽ ഇപ്രകാരം ലഭിച്ച stack ചെയ്ത Rubble--ന്റെ വിവരം അറിയിച്ചിട്ടില്ല. സ്റ്റാക്ക് ചെയ്ത റബിളിന്റെ 60% ഉപയോഗിക്കാൻ കഴിയുമായിരുന്നു. പ്രസ്തുത റബിൾ ലേലം ചെയ്തിരുന്നെങ്കിൽ ലഭിക്കുമായിരുന്ന തുക നഷ്ടപ്പെട്ടു. (Audit Enquiry No. 37 മറുപടി ലഭ്യമായില്ല). ഈ ഇനത്തിൽ ലഭിക്കുമായിരുന്ന (11.881cmx60/100x1589) 11,327/- രൂപ റിപ്പോർട്ട് വീഴ്ച വരുത്തിയ അസി. എഞ്ചിനീയറിൽ ഈടാക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രതിമാസ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിൽ വീഴ്ച

2011-ലെ കേരളപഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ - അദ്ധ്യായം 7 ഖണ്ഡിക 60 പ്രകാരം പ്രതിമാസ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് അടുത്തമാസം 10- ാം തീയതിക്ക് മുമ്പായി സെക്രട്ടറി നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യപത്രിക ധനകാര്യ സ്ഥിരം സമിതിയുടെ പരിശോധനയ്ക്കും ഓഡിറ്റിനും ശേഷം കമ്മിറ്റിയുടെ ശുപാർശയോടുകൂടി തുടർന്ന് വരുന്ന പഞ്ചായത്ത് മീറ്റിങ്ങിൽ ധനകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ തൻ വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നടപടി ക്രമം സമയബന്ധിതമായി നടപ്പാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രതിമാസ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് മാസം | അംഗീകരിക്കേണ്ട തീയതി | അംഗീകരിച്ച തീയതി |
|---|---|---|
| 2017 ഫെബ്രുവരി | 2017 മാർച്ച് 10 ന് മുൻപ് | 11.4.2017 |
| 2017 മാർച്ച് | 2017 ഏപ്രിൽ 10 ന് മുൻപ് | 9.5.2017 |
| 2017 ഏപ്രിൽ | 2017 മെയ് 10 ന് മുൻപ് | 30.5.2017 |

| | | |
|---|---|---|
| 2017 മെയ് | 2017 ജൂൺ 10 ന് മുൻപ് | 20.6.2017 |
| 2017 ജൂൺ | 2017 ജൂലൈ 10 ന് മുൻപ് | 28.7.2017 |
| 2017 ജൂലൈ | 2017 ആഗസ്റ്റ് 10 ന് മുൻപ് | 8.8.2017 |
| 2017ആഗസ്റ്റ് | 2017 സെപ്ററംബർ10 ന് മുൻപ് | 16.9.2017 |
| 2017 സെപ്റ്റംബർ | 2017 ഒക്ടോബർ 10 ന് മുൻപ് | മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല |
| 2017 ഒക്ടോബർ 10 | 2017 നവംബർ 10 ന് മുൻപ് | 10.11.2017 |
| 2017 നവംബർ | 2017ഡിസംബർ 10 ന് മുൻപ് | 11.12.2017 |
| 2017 ഡിസംബർ | 2018 ജനവരി 10 ന് മുൻപ് | 11.1.2018 |
| 2018 ജനവരി | 2018 ഫെബ്രവരി 10 ന് മുൻപ് | 8.2.2018 |
| 2018 ഫെബ്രവരി | 2018 മാർച്ച് 10 ന് മുൻപ് | 8.3.2018 |

കേരളപഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളുടെ ലംഘനമാണിത്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.41/2008/ധനം. തീ.02/08/2008 പ്രകാരം യാത്ര ഉടങ്ങുന്നതിന് മുമ്പ് തന്നെ ലോഗ് ബുക്കിൽ യാത്രയെ സംബന്ധിച്ചുള്ള അവശ്യം വേണ്ട വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും യാത്ര അവസാനിച്ചാലുടൻ യാത്ര ചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലിക്കുന്നത്.

a)ഓഫീസ് വാഹനം

രജിസ്ട്രേഷൻ നം.KL-22-1697 പ്രകാരമുള്ള ഓഫീസ് വാഹനത്തിന്റെ ലോഗ് ബുക്കിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥൻ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ വാഹനം ഔദ്യോഗിക ആവശ്യത്തിന് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. കൂടാതെ തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

b)കാരുണ്യ സ്പെഷ്യൽ സ്കൂൾ വാഹനം

രജിസ്ട്രേഷൻ നം.KL-22-5318 പ്രകാരമുള്ള കാരുണ്യ സ്പെഷ്യൽ സ്കൂൾ വാഹനത്തിന്റെ ലോഗ് ബുക്കിൽ യാത്ര ചെയ്ത സ്ഥലപ്പേരുകൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ യാത്രചെയ്ത ദൂരത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.കൂടാതെ തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

സർക്കാർ ഉത്തരവുകൾ കർശനമായും പാലിച്ചുകൊണ്ട് ഓഫീസ് വാഹനങ്ങൾ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 സംയുക്ത പ്രോജക്ടുകൾ-ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരികെ ഒടുക്കിയില്ല

2017-18 സാമ്പത്തിക വർഷം പഞ്ചായത്തിന് വിവിധ പ്രോജക്ടുകളിലായുള്ള ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് ആകെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് എന്നിവ പ്രകാരം)

| | വകയിരുത്തിയത് | ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 844500 | 844500 | 831049 | 13451 |
| ജില്ലാ പഞ്ചായത്ത് | 444500 | 444500 | 444500 | 0 |

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | നടപടി ക്രമം പാലിച്ചതിന് രേഖകളില്ല |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | ജില്ലാതല യോഗം ചേർന്നിട്ടില്ല. |
| 3.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല |
| 4.സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 5.ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നിർവഹണം പൂർത്തീകരിച്ചിട്ടുണ്ട് |
| 7.സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കണം | ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. തനത് ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നു. |
| 8.സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | സമയക്രമം പാലിച്ചിട്ടില്ല. |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | പാലിന് സബ്സിഡി(SO122/18) എന്ന പ്രോജക്ടിനായി ബ്ലോക്ക് വിഹിതമായി ലഭിച്ച 5,00,000/- രൂപയിൽ 4,86,549/-രൂപ ചെലവഴിച്ച് ബാക്കിവന്ന 13,451/- രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ല. |

| | |
|---|---|
| | |

## 3-4 വിനിയോഗ വിവരങ്ങളില്ല - 15,73,855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകൾക്ക് പൂർണമായ വിനിയോഗ വിവരങ്ങളില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | കൈമാറിയ തുകയുടെ വിശദാംശം | വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ചെലവ് തുക | വിനിയോഗിക്കാതെ ബാക്കിയായ തുക |
|---|---|---|---|---|---|---|
| സെക്രട്ടറി | | | | | | |
| i | SO161/18 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് - 5,00,000/- | ബിൽ നമ്പർ 26/06.02.2018 പ്രകാരം 4,34,425/-രൂപ - കെ.എസ്.ഇ.ബി- മംഗലപുരം | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല | 4,34,425/- |
| ii | SO088/18 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ധനകാര്യ കമ്മീഷൻ അവാർഡ് - 30,00,000/- | ബിൽ നമ്പർ 05/31.10.2017 പ്രകാരം 30,00,000/-രൂപ – വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ | 22,26,045 | 7,73,955/- |
| iii | SO162/18 | വേങ്ങോട് മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ അവാർഡ് - 2,00,000/- | ബിൽ നമ്പർ 24/11.01.2018 പ്രകാരം 69,600/- രൂപ – ഭൂജല വകുപ്പ് | 42,810 | 26,790/- |
| അസിസ്റ്റന്റ് സെക്രട്ടറി | | | | | | |
| iv | SO140/18 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (SC) | വികസന ഫണ്ട് SCP – 7,16,850/- | ബിൽ നമ്പർ 15/20.10.2017 പ്രകാരം 7,10,335/-രൂപ – വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ | 5,68,248 | 1,42,087/- |
| കൃഷി ഓഫീസർ | | | | | | |
| v | SO147/18 | ജലശ്രീ പദ്ധതി - ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് - 1,00,000/- | ബിൽ നമ്പർ 06/13.11.2017 പ്രകാരം | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല | 1,00,000/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | 1,00,000/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | | |
| ഹെഡ് മിസ്ട്രസ് | | | | | | |
| vi | SOO16/18 | എസ്.എസ്.എ. വിഹിതം | വികസന ഫണ്ട് 15,00,000/-<br>തനത് ഫണ്ട് 96,598/- | ബിൽ നം പ്രകാരം 15,00,000/-<br>ചെക്ക് നം. പ്രകാരം 96,598/-<br>എസ്.എസ്.എ. | 15,00,000 | 96,598/- |
| ആകെ | | | | | | 15,73,855/- |

വിനിയോഗ സർട്ടിഫിക്കറ്റിനും വിനിയോഗം കഴിഞ്ഞുള്ള തുക ലഭ്യമാക്കുന്നതിനും കത്തയച്ചിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 21/26.10.2018, 46/30.10.2018,34/27.10.2018 എന്നിവയുടെ മറുപടികൾ).

വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 15,73,855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രോജക്ട് ആനുകൂല്യം ലഭ്യമാകുന്നില്ല

സർക്കാർ നിർദ്ദേശം പൂർണമായും പാലിക്കാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിനാൽ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതി ആനുകൂല്യം ലഭിച്ചോ എന്ന് ഉറപ്പാക്കാൻ പഞ്ചായത്തിനായിട്ടില്ല. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശവും (സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ തീ.3.4.2017 ) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമവും ചുവടെചേർക്കുന്നു.

| ക്രമ നം | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണം നൽകി ആവശ്യമുള്ള മുഴുവൻപേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ | നിർദ്ദേശം പാലിച്ചിട്ടുണ്ട്. |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | അപ്രകാരമുള്ള രേഖകൾ ലഭ്യമല്ല. |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം | മാർക്ക് രേഖപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. (അപേക്ഷ പരിശോധനയുടെ അടിസ്ഥാനത്തിൽ) |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. | ഫീൽഡ് ലെവൽ പരിശോധന നടത്തിയിട്ടില്ല |

| | | |
|---|---|---|
| | | (2,5,7, എന്നീ വാർഡുകളുടെ അപേക്ഷ പരിശോധനയുടെ അടിസ്ഥാനത്തിൽ) |
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | നടപടിക്രമം പാലിക്കാതെലിസ്റ്റ് തയ്യാറാക്കി |
| 6 | കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | കരട് മുൻഗണനാലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട് |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച നൽകണം | ലിസ്റ്റിന് ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ട്. (22.01.18ലെ 1(1)തീരുമാനം |
| 8 | ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം | വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

മേൽ സൂചിപ്പിച്ച നടപടിക്രമങ്ങളിൽ ക്രമ നം. 2, 3, 4, 5, 6 (ഭാഗികം), പാലിക്കാതെയാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. നിയമപരമായി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണമായും പാലിക്കാതെയുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ നിർവഹണത്തിൽ ഗുണഭോക്താക്കളുടെ കുറവ് മൂലം വികസനഫണ്ട് പൂർണമായി ഉപയോഗിയ്ക്കാനാകാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം (പട്ടികജാതി) SO132/18 എന്ന പ്രോജക്ട് ഗ്രാമ സഭ ലിസ്റ്റ് ലഭ്യമാകാത്തതുകാരണം നടപ്പാക്കാൻ സാധിച്ചില്ല (ഓഡിറ്റ് എൻക്വയറി നം.33/27.10.2018ന്റെ മറുപടി).

കാർഷിക മേഖലയിലെ സബ്സിഡി ആനുകൂല്യം നൽകുന്നതിനായുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഒരേ ഗുണഭോക്താക്കൾ തന്നെ വിവിധ പ്രോജക്ടുകൾക്കായുള്ള ലിസ്റ്റിൽ ഉൾപ്പെടുകയും ആനുകൂല്യം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. അർഹരായ മറ്റ് ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉണ്ടായിരിക്കെ, പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതെ ഒന്നിലധികം സബ്സിഡി ആനുകൂല്യം ഒരേ വ്യക്തികൾക്ക് തന്നെ നല്കിയിരിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | ആനുകൂല്യം നൽകിയ പ്രോജക്ടുകൾ | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|---|
| i | ഗീതാദേവി.ജി., ഗീതാഞ്ജലി, കൊയ്ത്തൂർക്കോണം | സമഗ്ര പുരയിട കൃഷി | 2 |
| | | കുരുമുളക് കൃഷി | 19 |
| ii | അസീന.എ.എച്ച്, ദാറുന്നജത്ത്, കുന്നുകാട് | സമഗ്ര പുരയിട കൃഷി | 10 |
| | | കുരുമുളക് കൃഷി | 20 |
| iii | റജുലാബീഗം.പി.എം, നിഷാദ് മൻസിൽ, കൊയ്ത്തൂർക്കോണം | സമഗ്ര പുരയിട കൃഷി | 3 |
| | | കുരുമുളക് കൃഷി | 23 |
| iv | അജിതകുമാരി, അജിതഭവൻ, | ഗ്രോബാഗ് | 1 |

| | | | |
|---|---|---|---|
| | കൊയ്ത്തൂർക്കോണം | കുരുമുളക് കൃഷി | 18 |
| v | നസീഹ.എൻ, HMS നിവാസ്, പോത്തൻകോട് | ഗ്രോബാഗ് | 3 |
| | | സമഗ്രപുരയിട കൃഷി | 3 |
| vi | ജവഹർന്നിസ, റീജാമൻസിൽ, കുന്നുകാട് | ജൈവ പച്ചക്കറി കൃഷി | 3 |
| | | കുരുമുളക് കൃഷി | 21 |
| vii | സുകുമാരപിള്ള, അനുപമ, ഒരുവാമൂല (ഗുണഭോക്തൃ ലിസ്റ്റിൽ സുകുമാരൻ നായർ, അനുപമ, കാട്ടായിക്കോണം) | കുരുമുളക് കൃഷി | 16 |
| | | തെങ്ങ് കൃഷി | 16 |

## 3-6 കുടിവെള്ള വിതരണം 6,23,465/-രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല

തനത് ഫണ്ട് 7,00,000/-രൂപ വകയിരുത്തി 17-18 വർഷം നടപ്പാക്കിയ കുടിവെള്ള വിതരണം എന്ന പ്രോജക്ടിനുവേണ്ടി (നം. S0032/18) 6,23,465/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ടാങ്കറിൽ കുടിവെള്ള വിതരണം സംബന്ധിച്ച സർക്കുലർ നമ്പർ 118/ഡി.എ1/2017/ത.സ്വ.ഭ.വ. തീയതി 01.03.2017പ്രകാരം കുടിവെള്ള വിതരണത്തിന് വരുന്ന ചെലവിന്റെ ബില്ല് ജില്ലാ കളക്ടർക്ക് സമർപ്പിച്ച് തുക റീ-ഇംബേഴ്സ് ചെയ്ത് വാങ്ങണമെന്നുണ്ട്. ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാൻ പാടില്ല. കുടിവെള്ള വിതരണത്തിനായി ചെലവായ 6,23,465/- രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല. ഇത് ലഭിക്കാനായി ബഹു.ജില്ലാ കളക്ടർക്ക് കത്തയച്ചതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 42/30.10.2018ന്റെ മറുപടി).

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ മേൽ സർക്കുലറിൽ ചുവടെപ്പറയുന്ന പ്രവൃത്തികൾ ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എ) പൊതു കുടിവെള്ള സ്രോതസുകൾ വൃത്തിയാക്കി സംരക്ഷിക്കുകയും ശുദ്ധജല വിതരണത്തിന് ഉപയുക്തമാക്കുകയും ചെയ്യണം.

ബി) പൊതുകുഴൽ കിണറുകൾ, തുറന്ന കിണർ എന്നിവയുടെ കേട് വന്ന മോട്ടോർ, പമ്പ് സെറ്റ് എന്നിവയുടെ ആവശ്യമായ അറ്റകുറ്റപണികൾ ചെയ്യണം.

സി) പൊതുകുഴൽ കിണറുകൾ, തുറന്ന കിണർ എന്നിവ ഉപയോഗപ്രദമാക്കണം.

ഡി) അനുയോജ്യമായ സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് കുടിവെള്ളം ടാങ്കറിലൂടെ എത്തിക്കണം.

ജലക്ഷാമം പരിഹരിക്കുന്നതിന്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, പാറമടകളിലെ ജലം ശുദ്ധീകരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച് വിതരണം, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നിവ കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് 17.02.2017ൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നുവെന്ന് ലഭ്യമാക്കിയ റിപ്പോർട്ട് സൂചിപ്പിക്കുന്നു. പൊതുകുളങ്ങൾ തൊഴിലുറപ്പ് പദ്ധതി മുഖേന വൃത്തിയാക്കി ഉപയോഗപ്രദമാക്കിയിട്ടുണ്ടെന്നും പൊതുകിണറുകൾ വൃത്തിയാക്കിയതിന് 1,95,004/-രൂപയും കോളനികളിലെ പൊതുകിണറുകൾ വൃത്തിയാക്കിയതിന് 76,354/- രൂപയും ചെലവഴിച്ചതായി വിശദീകരിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി ചെലവഴിച്ച തനത് ഫണ്ട് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 വേങ്ങോട് മാർക്കറ്റിൽ കുഴൽക്കിണർ പ്രവർത്തന സജ്ജമായില്ല

പ്രസ്തുത പ്രോജക്ടിനായി (S0162/18) ധനകാര്യ കമ്മിഷൻ അവാർഡ് 2,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ട് നിർവ്വഹണത്തിലെ നടപടിക്രമങ്ങൾ ചുവടെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പ്രവർത്തനം | തീയതി |
|---|---|---|
| i | വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ട് അംഗീകരിച്ച് ഭരണസമിതിയോട് ശുപാർശ ചെയ്തു. | 19.05.2017 |
| ii | ഭരണാനുമതി [നം. IIA(1)] | 23.05.2017 |
| iii | പ്രോജക്ടിന് അംഗീകാരം | 18.06.2017 |
| iv | വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ഭൂജല വകുപ്പ് ജില്ലാ ഓഫീസറോട് ആവശ്യപ്പെട്ടു. | 21.07.2017 |
| v | സ്ഥാന നിർണയം നടത്തുന്നതിന് 1,750/-രൂപ ഭൂജല പര്യവേഷണ ഫീസ് തനത്ഫണ്ടിൽ നിന്നും ഒടുക്കി | 09.10.2017 |
| vi | ഭൂജല വകുപ്പിൽ നിന്ന് 69,600/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായി. | 20.11.2017 |
| vii | ധനകാര്യകമ്മീഷൻ അവാർഡ് തുകയിൽ നിന്ന് 69,600/-രൂപ ഭൂജലവകുപ്പിന്റെ അക്കൗണ്ടിലേക്ക് കൈമാറി. | 1.01.2018 |

ഭൂജല വകുപ്പിന്റെ 03.08.2018ലെ വിനിയോഗ സാക്ഷ്യപത്രം (നം.GW/DOT/2102/2017) പ്രകാരം 42,810/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 14.06.2018ലെ 24(6)-ാം നമ്പർ തീരുമാനപ്രകാരം പമ്പ് സ്ഥാപിച്ച് പ്ലംബിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിന് അസ്സി.എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെന്റർ ക്ഷണിച്ച് നടപ്പാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും അനുബന്ധ പ്രവൃത്തികളായ പ്ലംബിംഗ്, ടാങ്ക് സ്ഥാപിക്കൽ എന്നിവയ്ക്കായി സ്പിൽ ഓവർ പ്രോജക്ട് വച്ചിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ കുഴൽകിണർ പ്രവർത്തനസജ്ജമാക്കി പൊതുജനത്തിന് പ്രയോജനപ്രദമാക്കിയിട്ടില്ല.

ഭൂജല വകുപ്പിൽ നിന്ന് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമാക്കാതെ പ്രോജക്ട് രൂപീകരണ പ്രവർത്തനങ്ങൾ നടത്തിയതുവഴി 42,810/-രൂപയുടെ ചെലവ് വന്ന പ്രോജക്ടിന് 2,00,000/-രൂപ വകയിരുത്തേണ്ടിവന്നു. യഥാസമയം ഉചിതമായ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത പ്രോജക്ടിനെ സംബന്ധിച്ചോ തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ചോ ചർച്ചകളൊന്നും നടന്നിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ട് അംഗീകരിച്ച് ശുപാർശ ചെയ്തതല്ലാതെ പ്രസ്തുത പ്രോജക്ട് സംബന്ധിച്ച മറ്റ് പ്രവർത്തനങ്ങളൊന്നും നടത്തിയതായി കാണുന്നില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ മേൽ വിഷയത്തിൽ ക്ഷണിക്കുന്നു.

## **3-8** ക്ഷീര വികസന മേഖലയിലെ ആസൂത്രണം പ്രാവർത്തികമാകുന്നില്ല

കാലിത്തീറ്റയുടെ വില വർദ്ധനവും തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും ക്ഷീരവികസന മേഖലയിലെ പ്രശ്നങ്ങളായി സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷി ശാസ്ത്രീയമായി പരിപോഷിപ്പിക്കാനും കൃഷിയിടങ്ങളിൽ രണ്ടാംവിളയായും റബ്ബർതോട്ടങ്ങളിൽ ഇടവിളയായും തീറ്റപ്പുൽകൃഷി ചെയ്യാനുമുള്ള പരിഹാര നിർദ്ദേശങ്ങളുമുണ്ട്.

മൃഗസംരക്ഷണ-ക്ഷീരവികസന വർക്കിംഗ് ഗ്രൂപ്പ് 18.03.2017ൽ തീറ്റപ്പുൽകൃഷി വ്യാപനത്തിനായി 2,00,000/-രൂപയുടെ ബജറ്റ് നിർദ്ദേശം വച്ചിട്ടുണ്ട്. 27.01.2018ൽ തീറ്റപ്പുൽകൃഷി വ്യാപനം പ്രോജക്ട് നിർദ്ദേശമായിട്ടുണ്ടെങ്കിലും 28.02.2018ൽ മുൻഗണന നൽകേണ്ട പദ്ധതികളിൽ അത് ഉൾപ്പെട്ടിട്ടില്ല.

2017-18 സാമ്പത്തിക വർഷം തീറ്റപ്പുൽകൃഷി വ്യാപനത്തിനായി ക്ഷീര വികസന വകുപ്പ് മുഖേന പദ്ധതികൾ നടപ്പാക്കിയതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ തീറ്റപ്പുൽകൃഷി നടപ്പാക്കേണ്ടതായുള്ള ആവശ്യകത വന്നില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്.(എൻക്വയറി നം. 33/27.10.2018)

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമായുള്ള വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം (18.03.2017) നടപ്പാക്കാനും നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി ആസൂത്രണ ഘട്ടത്തിലെ ആശയങ്ങൾ വിവിധ മേഖലകളിൽ പ്രാവർത്തികമാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-9 തൽസ്ഥിതി വിവരങ്ങൾ കാലികമാക്കിയില്ല

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തുടർച്ചയായ രണ്ട് സാമ്പത്തിക വർഷങ്ങളിലെ ഭൂവിനിയോഗവും മൃഗസംരക്ഷണ – ക്ഷീര വികസന മേഖലയിലെ അടിസ്ഥാന വിവരങ്ങളും സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കാർഷിക മേഖല

| ക്രമ നമ്പർ | ഇനം | 2017-18 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം | 2018-19 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം |
|---|---|---|---|
| i | കൃഷിക്ക് അനുയോജ്യമായ വിസ്തൃതി | 1670 ഹെക്ടർ | 1670 ഹെക്ടർ |
| ii | കൃഷി ചെയ്യുന്ന വിസ്തൃതി | 1497 ഹെക്ടർ | 1497 ഹെക്ടർ |
| iii | കൃഷിയോഗ്യമായ തരിശ് ഭൂമി | 8 ഹെക്ടർ | 8 ഹെക്ടർ |

മൃഗസംരക്ഷണ - ക്ഷീര വികസന മേഖല

| ക്രമ നമ്പർ | ഇനം | 2017-18 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം | 2018-19 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം |
|---|---|---|---|
| i | കറവയുള്ള പശുക്കളുടെ എണ്ണം | 1360 | 1360 |
| ii | പാൽ ഉല്പാദനം | 18,25,000 ലിറ്റർ | 18,25,000 ലിറ്റർ |
| iii | കിടാരികളുടെ എണ്ണം | 295 | 295 |

കൃഷിയോഗ്യമായ ഭൂമി വിനിയോഗിക്കുന്നതിലും മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലും യാതൊരു പുരോഗതിയും സ്റ്റാറ്റസ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നില്ല. മേഖലകളിൽ പുരോഗതിയുണ്ടായെങ്കിലും അത് സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്താഞ്ഞതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് വിശദീകരണം. വികസന രേഖ തയ്യാറാക്കുന്നതിലും അതുവഴി പദ്ധതി രൂപീകരണത്തിലും അടിസ്ഥാന ഘടകമായിരിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

## 3-10 പൊതുമരാമത്ത് പ്രവൃത്തികളിൽ ടെക്നിക്കൽ സർക്കുലർ നിർദ്ദേശം പാലിക്കാത്തതിൽ അധിക ചെലവിനും ഗുണനിലവാരതകർച്ചയ്ക്കും സാധ്യത

ധനകാര്യ വകുപ്പ് ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗിന്റെ 20/7/2016 ലെ Insp-Tech/16/2016പ്രകാരം റോഡുകളുടെ എസ്റ്റിമേറ്റ് തയാറാക്കുമ്പോൾ Sub Base/Base Course Water Bound Macadam-ത്തിന് പകരം Wet Mix Macadam (WMM) ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് ചീഫ് ടെക്നിക്കൽ എക്സാമിനറും ഇതു സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (CE LSGD No.DB 3/6512/2013/10.8.2016). പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നിർവഹണം നടത്തിയിട്ടുള്ളത്. ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളിൽ അധികച്ചെലവിനും ഗുണനിലവാരതകർച്ചയ്ക്കും കാരണമാകുന്നു. (DSR 2014 – cost index 46.47%)

ഉദാ: കണിയാർ കോണം റോഡ് ടാറിംഗ് (കൺവീനർ) പ്രവൃത്തിയ്ക്ക് നൽകി വിശദാംശം ചുവടെ ചേർക്കുന്നു.

WBM പ്രവൃത്തിയ്ക്ക് ചെലവ് (M Book page No.3) = 38.363$m^2$x3290.11/$m^2$ = 126218.506$m^2$

WMM പ്രവൃത്തിയ്ക്ക് ചെലവ് =38.363m$^2$x3205.25/m$^2$=1,22,963/-

അധികചെലവ് =3,254/- രൂപ

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും നിവഹണ ഉദ്യോഗസ്ഥനം ഈ വിഷയം പരിശോധിച്ച് ഭാവിയിൽ മരാമത്ത് പ്രവൃത്തിയിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 കൺവീനർ പ്രവൃത്തിയ്ക്ക് അധിക ആനുകൂല്യം നൽകി 9,384/- നിരാകരിക്കുന്നു

ചീഫ് എഞ്ചിനീയറുടെ 29.12.2016 -ലെ DB3/6512/B/2013/CE/LSGD സർക്കുലർ പ്രകാരം Mord/Morth Specification ഉപയോഗിച്ച് ഗുണഭോക്തൃ സമിതി പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ വർക്ക് ബിൽ തുകയിൽ നിന്നും Overhead charge-7.5% കിഴിച്ചുള്ള തുക തിരികെ പിടിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയ്ക്ക് ഈ ഇനത്തിൽ കൺവീനർക്ക് അധികം ആനുകൂല്യം നൽകി (10% ഉൾപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ).

Project no.49/17 (മിച്ചഭൂമിത്തടം റോഡ് ടാറിംഗ്)

അടങ്കൽ തുക =4,95,000/- (CFG Grant)

ചെലവ് തുക =3,99,355/- Bill No. 16/17-18/30.8.2017

ആകെ വേല മൂല്യം =3,99,355/- (2.5% 399355) - 9984 = 3,89,371/-

കുറയ്ക്കുക 4% AT =389371x4/100=15,575/-

ഐറ്റി 1% =389371x1% =3,894/-

തൊഴിലാളി ക്ഷേമ നിധി വിഹിതം 1% =389371x1% =3,894/-

കൺവീനർക്ക് നൽകേണ്ട തുക =3,66,009/-

കൺവീനർക്ക് നല്കിയ തുക =3,75,393/-

അധികം നല്കിയ തുക =9,384/-

## 3-12 പോത്തൻകോട് മാർക്കറ്റ് മാലിന്യ പ്ലാന്റ് ചുറ്റ് മതിൽ നിർമ്മാണം-അപാകതകൾ

Project No. - 50177/18

അടങ്കൽ തുക - 1,00,000/- (വികസന ഫണ്ട് ജനറൽ)
– 5,00,000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ആകെ - 6,00,000/-

ചെലവ് തുക - 4,58,990/-

ബിൽനം തീയതി- 30/17/18

6.3.2018

കരാറുകാരൻ - ശ്രീ. വിപിൻ ദാസ്.

M Book No. - 298/16-17

Agreed PAC --482477/-

3-12 (എ)- എഗ്രിമെന്റ് കാലാവധി അധികരിച്ചതിന് പിഴ ഈടാക്കിയില്ല

സ്പിൽ ഓവർ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തിയ മേൽ പ്രോജക്റ്റിന് ലഭിച്ച റീടെണ്ടർ 12-5-2017-ൽ ഓപ്പൺ ചെയ്തതിൽ സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. എ ഇ യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 27-5-2017–ലെ പഞ്ചായത്ത് കമ്മിറ്റി (തീരുമാനം II b (i)) കരാറുകാരനായ വിപിൻദാസിന് പ്രവൃത്തി അംഗീകരിച്ചു നൽകി.

നിർവഹണ ഉദ്യോഗസ്ഥൻ 28-5-2017 സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകരാൻ

നിയമാനുസരണമുള്ള പിഴ ഒടുക്കാതെ 24-07-2017നാണ് ചമച്ചിട്ടുള്ളത്. (Agr. No.08/17-18/AE/LSGD/Pth 4/7/2017). ഇപ്രകാരം കരാർ ചമയ്ക്കുന്നതിന് പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009-6 -ൽ വ്യവസ്ഥയുണ്ട്. PACയുടെ 1% (482477x1%) = 4,825/-രൂപ പിഴ ഒടുക്കുവരുത്തണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. പ്രസ്തുത പിഴ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-12(ബി)- അധിക ആനുകൂല്യം നൽകി- 4,619/- രൂപ നിരാകരിക്കുന്നു

Revised Estimate-ലെ 1-ാം ഇനം പ്രവൃത്തി (15-9-2 item code )

Demolishing stone rubble masonry manually/by mechanical means including stacking of sericeable material and disposal of unsericeable with in 50 meter etc.

Item As per Estimate

1. Damaged rubblework in existing CW 28x.50x.50=7m$^3$

2. Rubble work inexisting damaged

Building 26x.50x.50=6.5

3. Extra item demolished – Nil

Total – 13.5

As per M Book

28.5x.50x.60 = 8.55m$^3$

28x.50x.50 = 7m$^3$

18.60x.50x.60 = 5.58

Total 21.13m$^3$

എസ്റ്റിമേറ്റ് പ്രകാരം 13.5m$^3$ Dismantle ചെയ്ത് സ്റ്റാക്ക് ചെയ്യുന്നതിന് (M Book Page 21). 622.39/m$^3$ നിരക്കിൽ 8402.26 രൂപ നൽകി. എന്നാൽ Rubble stack ചെയ്ത് M Book -ൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (No. 29) നൽകിയ മറുപടിയിൽ പൊളിച്ച നീക്കിയ റബിൾ ഉപയോഗശൂന്യമായതിനാലാണ് സ്റ്റാക്ക് ചെയ്ത് M Book – ൽ രേഖപ്പെടുത്താത്തത് എന്നറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഈയിനത്തിൽ 13.5m$^3$ സ്റ്റാക്ക് ചെയ്യുന്നതിന് 329/day നിരക്കിൽ 1.04 മനുഷ്യദിനത്തിന് നൽകിയ രൂപ 4,619/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ( 13.5m$^3$x 342.16 m$^3$ = 4619.16)

3-12(സി)-പൊളിച്ചെടുത്ത പാറ ഉപയോഗിച്ചതിൽ കുറവ് - നഷ്ടം ഈടാക്കേണ്ടതാണ്

മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം 21.31m$^3$ Rubble പൊളിച്ചെടുത്തുവെങ്കിലും എസ്റ്റിമേറ്റ് Quantitiy (13.5m$^3$)യുടെ 60% മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. എം ബുക്ക് പ്രകാരം ഉപയോഗിച്ച റബിൾ 7.812m$^3$ (M Book Page 4) കഴിഞ്ഞ് ബാക്കിയുള്ള 13.498m$^3$ റബിളിന്റെ വിവരം എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റ്മേറ്റ് quantity-യിൽ അധികം പൊളിച്ചെടുത്ത (28x.5x.5) 7m$^3$ rubble-ന്റെ 60% ഉപയോഗിക്കാമായിരുന്നെങ്കിലും അതു ഉപയോഗപ്പെടുത്തുകയോ, സ്റ്റാക്ക് ചെയ്ത റബിൾ ലേലം ചെയ്യാൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരമുള്ള 4.2m$^3$ (7x60/100) rubble 1518/m$^3$ നിരക്കിൽ 6,375/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത നഷ്ടം തുക ഉത്തരവാദിയായ അസി. എഞ്ചിയർ ഈടാക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. (900/m$^3$+15% CPOH 135=1035x46.67=483 , DSOR 2014 cost index 46.67%)

3-12(ഡി)- 8.55m$^3$ earth work excavation പ്രവൃത്തിയ്ക്ക് നൽകിയ ആനുകൂല്യം അംഗീകരിക്കുന്നില്ല

എസ്റ്റിമേറ്റിൽ ഒന്നാം ഇനം പ്രവൃത്തി Demolishing Existing wall Stone rubble masonry എന്നതാണ്. പ്രസ്തുത ഇനത്തിൽ M Book പ്രകാരം 28.5x.50x.60 =8.55m$^3$ Foundation കുഴിക്കുന്നതിനുള്ള നിരക്ക് ഉൾപ്പെടെയാണ് അനുവദിച്ച നൽകിയത്. ആയതിനാൽ 2-ഇനം പ്രവൃത്തിയിൽ Earth work Excavation for foundation എന്നയിനത്തിനുള്ള തുക അനുവനീയമല്ല. (28.5x.6x.6+25.5x.6x.6)=10.26+9.18=19.44m$^3$/ നിരക്ക് 231/m$^3$)

ഇപ്രകാരം 8.55m$^3$ x 431/m$^3$ =3,685/- രൂപയുടെ ആനുകൂല്യം ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി 15

മറുപടി ലഭ്യമാക്കിയിട്ടില്ല.

i. അനുവദനീയമല്ലാത്ത ഐറ്റം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 20,471/- രൂപ നിരാകരിക്കുന്നു (എം ബുക്ക് പേജ് 13 & 24) പ്രകാരം ( 5-9-2-code)

(27x.5 – 13.5m$^2$

17x.5 - 8.5m$^2$

25.5x.50 - 12.75m$^2$)

34.75m$^2$ centering shuttering പ്രവൃത്തികൾക്ക് 589.10m$^2$ നിരക്കിൽ 20,471/-രൂപ നൽകിയിട്ട് പ്രസ്തുത പ്രവൃത്തി Solid block masonary for super structure എന്ന ആറാം ഇനം പ്രവൃത്തിക്ക് നൽകിയതാണെന്ന് വാക്കാൽ അറിയിച്ചു. (ഓഡിറ്റ് അന്വേഷണം 29 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ (50.6.1.8) പ്രകാരം solid block masonery using precast solid blockof (40x20x15m$^3$) factory made for super structure upto floor two level with walls cm 1:6 complete എന്ന ഇനത്തിന് scafolding ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഇനത്തിന് Additional centering and shuttering including stutting etc എന്ന ഇനം നൽകേണ്ടതില്ല. ആയതിനാൽ ഈ ഇനത്തിൽ നൽകിയ 20,471/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ii. ക്രമ നം 9( Item code 5.9.1)--പ്രകാരം 10cm കനത്തിൽ RCC ചെയ്യുന്നതിന് (ബെൽറ്റ് കോൺക്രീറ്റ്) centering and shuttering എന്ന പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് 220/m$^2$ ആണ്. എന്നാൽ പ്രസ്തുത ഇനത്തിന് അനുവദിച്ചു നൽകിയത് 589.10/ m$^2$ ആണ്. ഇപ്രകാരം അധികം അനുവദിച്ചു നൽകിയ 1,565/- രൂപ അംഗീകരിക്കുന്നില്ല.

അനുവദിച്ചു നൽകിയത് ( M Book page no. 7 & 25) 4.24m$^2$x589.10/m$^2$=2497.28

നൽകേണ്ടത് 4.24m$^2$x220/m$^2$ =932.80

അധികം നൽകിയത് =1,564.98/- = 1,565/-രൂപ

## 3-13 പ്ലാസ്റ്റിക് മുക്ത പ്രഖ്യാപനം ലക്ഷ്യം കണ്ടില്ല

ഗ്രാമപഞ്ചായത്തിനെ പ്ലാസ്റ്റിക് മുക്ത പഞ്ചായത്താക്കി മാറ്റുന്നതിന് 12.06.2017ൽ കൂടിയ ജനറൽ കമ്മിറ്റി തീരുമാനിച്ചു. പ്രസ്തുത നടപടിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങളിലെ ചട്ടം 6(4), 12(3), 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 219(w), 219(x) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് പ്ലാസ്റ്റിക് മാലിന്യ പരിപാലന ബൈല തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈല പ്രകാരം പ്ലാസ്റ്റിക് പരിപാലനവും നിർമ്മാർജനവും പൂർണമായും നടപ്പിലാക്കാൻ വിവിധ ജനവിഭാഗങ്ങളുടെ യോഗം (വ്യാപാരികൾ, വ്യവസായികൾ, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ) വിളിച്ചുചേർക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ശുചിത്വ പ്രവർത്തനങ്ങൾക്കായി 42പേരടങ്ങുന്ന ഹരിത കർമ്മസേന രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബൈല അനുശാസിക്കുംവിധം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണം, നീക്കം ചെയ്യൽ, സംഭരണം, സംസ്കരണം, കൈയൊഴിക്കൽ എന്നിവയ്ക്കായി നാളിതുവരെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നേടിയെങ്കിലും അവയൊന്നും പൂർണമായും നടപ്പിലാക്കാനായില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| i | പി.എച്ച്.സി.യിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് | 50,000/- | 17,507/- |
| ii | ഷീ പാഡ് വെന്റിംഗ് മെഷീൻ | 75,000/- | 0 |
| iii | മാലിന്യ സംസ്കരണ പ്ലാന്റ് | 10,50,000/- | 10,50,000/- |
| iv | മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം വാങ്ങൽ | 6,00,000/- | 0 |

| | | | |
|---|---|---|---|
| v | മാലിന്യ സംസ്കരണ പ്ലാന്റിന് ചുറ്റുമതിൽ | 5,24,411/- | 4,58,990/- |

2017-18 സാമ്പത്തിക വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിലെ വികസന പരിപ്രേക്ഷ്യത്തിൽ പ്ലാസ്റ്റിക് സ്ക്രാപ്പ് നിർമ്മാണ യൂണിറ്റ് നിർമ്മിച്ച് പ്ലാസ്റ്റിക് മാലിന്യത്തിന് പരിഹാരം കാണമെന്നും തദനുസരണം പഞ്ചായത്തിന് പ്രസ്തുത യൂണിറ്റ് വരുമാന ദായകമായിരിക്കുമെന്നും ലക്ഷ്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിനായില്ല.

## 3-14 മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ - SO106/18

നിർവ്വഹണം - അക്രഡിറ്റഡ് എജൻസി (IRTC, പാലക്കാട്)

അടങ്കൽ:-

വികസന ഫണ്ട്(ജനറൽ) - 1,72,695/-

ധനകാര്യ കമ്മിഷൻ ഗ്രാന്റ് - 4,67,305/-

ബ്ലോക്ക് വിഹിതം - 4,10,000/-

ആകെ - 10,50,000/-

ചെലവ് വിശദാംശം:-

| ക്രമ നമ്പർ | IRTCരസീത് നമ്പർ | തുക (രൂപ) |
|---|---|---|
| i | 185/31.03.2017 | 2,10,000/- |
| ii | 397/13.11.2017 | 2,10,000/- |
| iii | 557/08.03.2018 | 47,305/- |
| iv | 559/08.03.2018 | 1,62,695/- |
| V | 585/16.03.2018 | 4,20,000/- |
| ആകെ | | 10,50,000/- |

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പോത്തൻകോട് മാർക്കറ്റിന് സമീപം 15 സെന്റ് സ്ഥലത്ത് അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം വിൻഡ്രോ കമ്പോസ്റ്റ് മാലിന്യ സംസ്കരണ പ്ലാന്റ് ഷെഡ് ഉൾപ്പെടെ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായി അംഗീകാരം നേടിയിട്ടുണ്ട്. നിർമ്മാണത്തിൽ DSR2014 (Cost index 1.4667) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി ശുചിത്വ മിഷൻ നിബന്ധനകൾക്ക് വിധേയമായി സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട് (ശുചിത്വ മിഷൻ കത്ത് നം. 546/C6/2013 SM-20.003.2017). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശുചിത്വ മിഷൻ നിബന്ധനകൾ | നിർവ്വഹണത്തിൽ പാലിച്ച നടപടിക്രമങ്ങൾ |
|---|---|---|
| i | ശുചിത്വമിഷൻ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമായിരിക്കണം പ്രവൃത്തി നടപ്പിലാക്കേണ്ടത്. | ഷെഡ് നിർമ്മാണത്തിന് അംഗീകൃത എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് ശുചിത്വ മിഷന്റെ അംഗീകാരം നേടിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 30/27.10.2018 ന് ലഭ്യമാക്കിയ മറുപടിയിൽ Revised Estimate ഹാജരാക്കാമെന്ന് അറിയിച്ചെങ്കിലും ലഭ്യമാക്കിയില്ല) |

| | | |
|---|---|---|
| | | |
| ii | എസ്റ്റിമേറ്റിന് 2014ലെ DSR Cost Index 1.4667പ്രകാരം തയ്യാറാക്കിയതിന് CP + OH 15% ഉൾപ്പെടുത്താൻ പാടില്ല | ഷെഡ് നിർമ്മാണത്തിന് പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കണം എന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.[G.O(P) NO. 30/2016 Dt 20.02.2016] |
| iii | എസ്റ്റിമേറ്റിൽ ലംപ്സം തുക ചേർത്ത് ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് (ഉദാ: Power, Water, Sieve). Shredding & Fixtures ഇവ പ്ലാന്റിൽ സ്ഥാപിക്കേണ്ടത് സർക്കാരിന്റെ Procurement Ruleലെ വ്യവസ്ഥകൾ പാലിച്ചായിരിക്കണം. | Procurement വ്യവസ്ഥകൾ പാലിച്ചതിന് രേഖകൾ ഹാജരാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം നം. 30/27.10.2018 ൽ ഹാജരാക്കിയ മറുപടിയിൽ ഇതു സംബന്ധിച്ച വിവരങ്ങളില്ല). |
| iv | സർക്കാർ പൊതുമരാമത്ത് പ്രവൃത്തികളിൽ നൽകിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ബാധകമാണ്. ഇപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അസി. എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്. | നിർദ്ദേശം പാലിച്ചിട്ടില്ല. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലെ മെഷർമെന്റ് എം.ബുക്കിൽ രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അംഗീകരിച്ച സ്പെസിഫിക്കേഷനിലാണോ നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടില്ല. |
| v | ജില്ലാ ശുചിത്വ മിഷൻ മോണിറ്റർ ചെയ്യേണ്ടതാണ്. | പ്രസ്തുത നടപടിക്രമം പാലിച്ചിട്ടില്ല |
| vi | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമപരമായ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രമെ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ പാടുള്ളൂ. | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. |

എ)കരാർ നിബന്ധനകൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും IRTC സെക്രട്ടറിയും ഉഭയസമ്മത പ്രകാരം 22.03.2017ന് ഉണ്ടാക്കിയ കരാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല. കരാർ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാർ വ്യവസ്ഥ | നടപടിക്രമം |
|---|---|---|
| i | പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഗ്രാമ പഞ്ചായത്ത് മാർക്ക് ചെയ്ത് നൽകുന്നതാണ്. | ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതുമാർക്കറ്റ് കോമ്പൗണ്ടിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് 15 സെന്റ് സ്ഥലം മാലിന്യ സംസ്കരണ പ്ലാന്റിനായി മാർക്ക് |

| | | |
|---|---|---|
| | | ചെയ്ത് നൽകിയിട്ടുണ്ട്. |
| ii | അടങ്കൽ തുക 5 ഗഡുക്കളായി അസി.എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകും | നാല് ഗഡുക്കളായി മുഴുവൻ തുകയും നൽകി. അസി.എഞ്ചിനീയർ വിവധ ഘട്ടങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകിയതിന് രേഖകളില്ല. |
| iii | അഡ്വാൻസ് കൈപ്പറ്റിയ തീയതി മുതൽ പരമാവധി 3 മാസത്തെ സമയപരിധിയാണ് പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിച്ചിട്ടുള്ളത്. | 25.03.2017ന് 2,10,000/-രൂപ ബ്ലോക്ക് വിഹിതത്തിൽ നിന്നും IRTCയ്ക്ക് അഡ്വാൻസായി നൽകി. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ഉഭയ സമ്മത കരാറിൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. |
| iv | പ്ലാന്റ് നിർമ്മിച്ചതിനുശേഷം അത് സുഗമമായി പ്രവൃത്തിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നിർവ്വഹണ ഏജൻസി നൽകുന്നതാണ്. | നാളിതുവരെ പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പ്ലാന്റ് നിർമ്മാണത്തിനാവശ്യമായ യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും പ്ലാന്റിനുവേണ്ടി നിർമ്മിച്ചിട്ടുള്ള ഷെഡിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്തിട്ടില്ല. |

കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി മേൽ പ്രോജക്ടിന്റെ ഘട്ടം ഘട്ടമായുള്ള പ്രവർത്തനം വിലയിരുത്തി ആരോഗ്യ-വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകിയിട്ടില്ല. വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലും സ്റ്റാന്റിംഗ് കമ്മിറ്റികളിലും പ്ലാന്റിന്റെ പൂർത്തീകരണവും മാലിന്യ സംസ്കരണവും സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിരുന്നിട്ടും ഭരണസമിതി ത്വരിത നടപടി സ്വീകരിച്ചില്ല. ആയതിനാൽ 15,08,990/-രൂപ വികസന ഫണ്ട് ചെലവഴിച്ചിട്ടും ഗുരുതരമായ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.

## 3-15 നേതാജിപുരം അംഗൻവാടി മെയിന്റനൻസ് നടത്തിപ്പിൽ -പഞ്ചായത്ത് ഫണ്ടിന് 8,002/- രൂപ നഷ്ടം

പ്രോജക്ട് നം-113/18

പ്രോജക്ടിന്റെ പേര്-നേതാജിപുരം അംഗൻവാടി മെയിന്റനൻസ്

ഫണ്ട്-മെയിന്റനൻസ് ഫണ്ട് റോഡിതരം

അടങ്കൽ തുക-1,50,000/-

ചെലവ് തുക-1,30,396/-

ബിൽ നം തീയതി-35/17-18/13.03.18

എം ബുക്ക് നം-46/17-18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരന്റെ പേര്-കെ.മോഹനൻനായർ

എ) 2012ലെ പൊതുമരാമത്ത് മാന്വൽ 2009.6. ടെണ്ടർ ഫോമിലെ വ്യവസ്ഥ (40, 41) എന്നിവ പ്രകാരം കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയാൽ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. തുടർന്നുവരുന്ന 10

ദിവസത്തേയ്ക്ക് കരാർതുകയുടെ 1% ഈടാക്കിക്കൊണ്ട് കരാർവയ്ക്കുവാൻ അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രവൃത്തിയ്ക്ക് പിഴ ഈടാക്കിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | നോട്ടീസ് നല്കിയ തീയതി | കരാറിലേർപ്പെട്ട തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| നേതാജിപുരം അംഗൻവാടി മെയിന്റനൻസ് | 22-08-2017 | 26.10.2017 | 1,500/- |

ബി) മേൽ പ്രോജക്ട് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ 1,50,000/- രൂപയ്ക്ക് അടങ്കൽ തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം plastering with cement mortar 1:4 12mm thickness എന്ന ഇനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അളവിൽ ചുവടെ ചേർക്കുന്ന വിധം വ്യത്യാസം കാണുന്നു. തെറ്റായി രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് തുകയിൽ ലിമിറ്റ് ചെയ്താണ് യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ തുക ലിമിറ്റ് ചെയ്തിരിക്കുന്നത്. ഇപ്രകാരം ലിമിറ്റ് ചെയ്തതിനാൽ പ്രസ്തുത ഇനത്തിൽ കരാറുകാരന് അധിക ആനുകൂല്യം ൽകിയ സാഹചര്യമുണ്ടായി വിശദാംശം ചുവടെ.

| എസ്റ്റിമേറ്റ് പ്രകാരം തെറ്റായി രേഖപ്പെടുത്തിയ അളവ് | യഥാർത്ഥ അളവ് | എം ബുക്ക് പ്രകാരമുള്ള അളവ് | തെറ്റായി ലിമിറ്റ് ചെയ്ത അളവിൽ നൽകിയ ആനുകൂല്യം | യഥാർത്ഥത്തിൽ നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 4x8.3x1.5= 49.801 | 2x8.3x1.5= 24.9 | 2x7.8x1.5= 23.40 | 49.801x261.12= 13004 | 24.9x261.12= 6502 | 13004-6502= 6502 |

സി) വർക്ക് സൈറ്റ് ഏറ്റെടുത്ത് 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണം എന്നാണ് സെലക്ഷൻ നോട്ടീസിലെ വ്യവസ്ഥ. 26.10.2017ന് ഏറ്റെടുത്ത സൈറ്റിന്റെ പ്രവൃത്തി നിയമാനുസൃതം പൂർത്തീകരിക്കേണ്ടത് 26.01.2018നാണ്. എന്നാൽ 28.02.2018നാണ് പ്രവൃത്തി പൂർത്തിയാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ അളവെടുത്തിട്ടുള്ളത്. ഇപ്രകാരം പ്രവൃത്തി കാലാവധി വൈകുന്നതിന് കരാറുകാരൻ രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി അംഗീകരിക്കാൻ കഴിയില്ല.

ഇത്തരത്തിൽ പ്രവൃത്തി നടപ്പാക്കിയതിലൂടെ സ്ഥാപനത്തിന് 8,002/-രൂപയുടെ (1500+6502) നഷ്ടമുണ്ടായി. 8,002/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ് .

## 3-16 ബഡ്സ് സ്കൂൾ പ്രവർത്തനം-സർക്കാർ മാർഗരേഖ പാലിക്കുന്നില്ല.

സർക്കാർ ഉത്തരവ് 183/07 ത.സ്വ.ഭ.വ. തീയതി 24.07.2007 പ്രകാരം പഞ്ചായത്തുകൾക്ക് ബഡ്സ് സ്പെഷ്യൽ സ്കൂൾ മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേകം സ്കൂളുകൾ നടത്തുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ബഡ്സ് മാർഗരേഖകൾക്ക് വിരുദ്ധമായി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാതെയാണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. ഈ നടപടി ബഡ്സ് സ്കൂളുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. പഞ്ചായത്തിനു കീഴിലുള്ള ബഡ്സ് സ്കൂളിന് 2017-18 ൽ താഴെ പറയുന്ന മാർഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല.

1) 25-50 കുട്ടികൾക്കായി കുട്ടി ഒന്നിന് 40സ്ക്വയർ ഫീറ്റ് എന്നതോതിൽ കെട്ടിട സൗകര്യമുണ്ടായിരിക്കേണ്ടതാണ്. എന്നാൽ 1000 സ്ക്വയർ ഫീറ്റുള്ള കെട്ടിടത്തിലാണ് നിലവിൽ 44 കുട്ടികൾ ഉള്ള ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത് .
2) സ്കൂൾ കെട്ടിടത്തിൽ കുറഞ്ഞത് 5ക്ളാസ് മുറികൾക്കും, (പൊതുഹാൾ തട്ടിക വെച്ച മറച്ചതുൾപ്പെടെ) ഓഫീസ് സ്റ്റാഫ്, റിക്രിയേഷൻ, സ്റ്റോർ, അടുക്കള, ഭക്ഷണശാല, തൊഴിൽപരിശീലനം, തെറാപ്പി, പകൽ പരിപാലനം, എന്നിവയ്ക്കും സ്ഥല സൗകര്യങ്ങൾ ഉണ്ടാകണമെന്ന മാർഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല. ഒരു ഹാൾ, ഒരു റൂം, ഒരു കിച്ചൺ എന്നിവ മാത്രമുള്ള കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 31ന് മറുപടി നൽകിയത്.
3) ഓരോ തരത്തിലുള്ള വൈകല്യം ബാധിച്ച കുട്ടികൾ ഓരോരുത്തർക്കും അനുയോജ്യമായ ഫർണിച്ചറുകൾ

ലഭ്യമാക്കേണ്ടതാണ്.

4) ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ, സോഷ്യൽ വർക്കർ എന്നിവരുടെ സന്ദർശനം കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. കൗൺസിലിംഗിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

സർക്കാർ മാർഗരേഖ പ്രകാരമുള്ള മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നതിനാൽ വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം നാളിതുവരെ ലഭ്യമായിട്ടില്ല.

07 വയസ്സ് മുതൽ 44 വയസുവരെ പ്രായമുള്ളവരെ ഒരേ ഹാളിൽ പാർപ്പിച്ചിരിക്കുന്ന പ്രവണത ഒഴിവാക്കിക്കൊണ്ട് സ.ഉ.(കൈയ്യെഴുത്ത്) നം.144/2013/ത.സ്വ.ഭ.വ. തീയതി 06.04.2013ലെ റീഹാബിലിറ്റേഷൻ മാർഗരേഖ പ്രകാരം വിദ്യാഭ്യാസ പ്രായം കഴിഞ്ഞ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പകൽ പരിപാലനത്തിനായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമല്ല

സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള ഏതു പരാതിക്കും എത്രയും പെട്ടെന്ന് സഹായസംവിധാനം ഉണ്ടാക്കുകയും തദ്വാരാ ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സ്ത്രീകൾക്ക് അനുഭവിക്കാൻ കഴിയുന്ന സാമൂഹികസാഹചര്യം ഉണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുള്ളത്. എല്ലാ ഗ്രാമസഭകളിലും ജാഗ്രതാസമിതിയുടെ അന്നുവരെയുള്ള പ്രവർത്തനം റിപ്പോർട്ടാക്കി അവതരിപ്പിക്കുവാനും വ്യവസ്ഥയുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164എ(5) പ്രകാരം വാർഡുതല/പഞ്ചായത്തുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതുമുണ്ട്.

പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം പഞ്ചായത്തുതലത്തിൽ ജാഗ്രതാസമിതി യോഗം 05 തവണ (30.04.2017,03.06.2017,02.08.2017,15.10.2017,08.02.2018) മാത്രമാണ് കൂടിയിട്ടുള്ളത് എന്ന് മിനിറ്റ്സ് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. വാർഡുതല ജാഗ്രതാസമിതി മിനുട്സ്, സ.ഉ. (എം.എസ്.) 31/07 സ.ക്ഷേ.വ. യിൽ നിർദ്ദേശിച്ചിട്ടുള്ള രേഖകൾ റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കിയില്ല. 2017-18ൽ പ്രോജക്റ്റ് നം. എസ്.ഒ.148/17 പ്രകാരം തനത് ഫണ്ടിൽ നിന്നും 25,000/- രൂപ വകയിരുത്തി ജാഗ്രതാ സമിതിയ്ക്ക് ഭൗതിക സൗകര്യം ഒരുക്കുന്നതിനായി ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം 20,580/-രൂപയ്ക്ക് ഫർണിച്ചർ വാങ്ങുകയും നിലവിൽ പഞ്ചായത്ത് ഓഫീസിന്റെ ഒരു ഭാഗത്ത് സൂക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ എന്തു സംഭവിച്ചാലും ഇടപെടാനും വേണ്ട പിന്തുണ നൽകാനും തൊട്ടടുത്തുള്ള ഒരു ജനകീയ ഔദ്യോഗിക സംവിധാനമായി പ്രവർത്തിക്കാൻ കഴിയുന്ന വിധം ജാഗ്രതാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്ക് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച് പദ്ധതി ആസൂത്രണം നടന്നിട്ടില്ല

വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച് അല്ല. 13-ാം പഞ്ച വത്സരപദ്ധതിയിലെ 2017-18 വർഷം കൈവരിക്കേണ്ട ലക്ഷ്യങ്ങളായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്, ( സ്റ്റാറ്റസ് റിപ്പോർട്ട് വികസനലക്ഷ്യങ്ങളും പ്രോജക്റ്റ് ആശയങ്ങളും, ഫോറം-4 പ്രോജക്ട് ആശയങ്ങൾ) സ്മാർട്ട് ക്ലാസ് റൂം ജൈവവൈവിധ്യ പാർക്ക്, ഓഡിറ്റോറിയം, പ്ലേ ഗ്രൗണ്ട്, സ്മാർട്ട് കിച്ചൻ നവീകരിച്ച ലാബ്, ലൈബ്രറി വാനനിരീക്ഷണ കേന്ദ്രം, ശിശു സൗഹൃദ പ്രീ പ്രൈമറി ക്‌ളാസുകൾ സ്കൂൾ വാഹന സൗകര്യം എന്നിവയൊക്കെയാണ്. ഇതിൽ പ്രോജക്റ്റ് നം.168/17 തച്ചപ്പള്ളി സ്കൂളിൽ അടുക്കള നിർമ്മാണം എന്ന പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം നിർബന്ധിത പ്രോജക്ടായ എസ്.എസ്.എ. വിഹിതം (പ്രോജക്ട് നം.16/17-18) മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ട് നം.34/17-18 (ഷീ പാഡ് വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ) സ്പിൽ ഓവർ പ്രോജക്ടായി വച്ചിട്ടും 2017-18 സാമ്പത്തികവർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം14/25.10.18) നൽകിയ മറുപടിയിലെ പല പ്രോജക്ടുകളും ഈ മേഖലയുമായി ബന്ധപ്പെട്ടുള്ളതല്ല. മേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും പരിഗണിച്ച് പദ്ധതികൾ നിർദ്ദേശിക്കാനും അതനുസരിച്ച് പദ്ധതി രൂപീകരണവും പൂർത്തിയാക്കലും നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-19 പാലിയേററീവ് കെയർ -സമിതികൾ യോഗം ചേരുന്നില്ല.

പാലിയേറ്റീവ് പ്രവർത്തനം തൃപ്തികരമായി നടന്നുവരുന്നുണ്ട്. എന്നാൽ സർക്കാർ ഉത്തരവുപ്രകാരം യോഗം ചേരേണ്ട

സമിതികൾ കൃത്യമായി യോഗം ചേരുന്നില്ല. സ.ഉ.(സാധാ) നം.3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015ലെ ഖണ്ഡിക 2.3 പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും, രണ്ടുമാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് വിലയിരുത്തൽ നടത്തണം. എന്നാൽ 2017-18 സാമ്പത്തിക വർഷം രൂപീകരികരണയോഗം ചേർന്നിട്ടില്ല. നിലവിലെ കമ്മിറ്റി 03 തവണ (11.08.2017,23.12.2017,20.03.2018) മാത്രമേ യോഗം ചേർന്നിട്ടുള്ളൂ.

ഖണ്ഡിക 2.4 പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ( PIC) രൂപീകരിച്ച് ഓരോ മാസവും 5ാം തീയതിയ്ക്ക് മുൻപ് യോഗം ചേരേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/27.10.2018) നല്ല മറുപടിയിൽ പി.ഐ.സി രൂപീകരിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിനായി പി.എം.സിയും, പി.ഐ.സിയും കൃത്യമായി യോഗം ചേരേണ്ടതാണ്.

## 3-20 മരുന്ന് വാങ്ങൽ പദ്ധതി-ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം/ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം. തീയതി | ലഭിക്കാനുള്ള മരുന്ന് | നിർവഹണം |
|---|---|---|---|---|---|---|
| 1 | 05/17-18 (എൻ. എച്ച്. എം. ഡിസ്പെൻസറിയ്ക്ക് അവശ്യമരുന്ന്) | 2,00,000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 2,00,000/- | | 2,00,000/- | മെഡിക്കൽ ഓഫീസർ-ഹോമിയോ |
| 2 | S0011/18 (വാർദ്ധക്യജന്യ സന്ധിരോഗ ചികിത്സാപദ്ധതി) | 4,50,000/- (വികസന ഫണ്ട്) | 4,50,000/- | 3/2017-18 19.12.2017 | 53,282/- | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3 | S0012/18 (ജീവിത ശൈലീജന്യ രോഗനിയന്ത്രണ ആയുർവേദ ചികിത്സാപദ്ധതി) | 2,50,000/- (വികസന ഫണ്ട്-ജനറൽ) | 2,50,000/- | 2/2017-18 dated 19.12.2017 | 11,893/- | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 4 | S0008/18 (മരുന്ന് വാങ്ങൽ) | 8,00,000/- (റോഡിതരം) | 8,00,000/- | 6/2017 dtd 19.1.18 | 14,507/- | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| | ആകെ | | | | 2,79,682/- | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.44/30.10.2018, 28/25.10.2018) മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടുണ്ട്. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾക്കായി ചെലവഴിച്ച 2,79,682/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-21 യുവജന ക്ളബ്ബുകൾക്ക് സ്പോർട്സ് കിറ്റ്-പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രോജക്ട്നം-S0145/18

പേര്-യുവജനങ്ങൾക്ക് സ്പോർട്സ് കിറ്റ്

അടങ്കൽ തുക-36,000/- (വികസന ഫണ്ട് ജനറൽ)

ചെലവ്-35,600/-

യുവജനങ്ങൾക്ക് സ്പോർട്സ് കിറ്റ് പദ്ധതി, സർക്കാർ മാർഗരേഖ പൂർണ്ണമായി പാലിച്ചിട്ടില്ല. സ.ഉ.(എം.എസ്.) നമ്പർ 80/2017 ത.സ്വ.ഭ.വ. തീയതി 03.04.2017ഖണ്ഡിക 32.10പ്രകാരം മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ളത്. യുവജന ക്ളബ്ബുകളുടെ ഏകോപന സമിതികളുടെ വിളിച്ചുകൂട്ടി ആവശ്യകതാ നിർണ്ണയം നടത്തിയാണ് ഉപകരണങ്ങൾ വാങ്ങേണ്ടത്. ഒരു ക്ളബ്ബിന് 2,000/-രൂപയിൽ അധികരിക്കുന്ന തുക നൽകാൻ പാടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിനുള്ള -34/27.10.10.2018 മറുപടിയിൽ യുവജന ക്ലബ്ബുകളുടെ ഏകോപന സമിതിയോഗം വിളിച്ചുകൂട്ടിയതായി കാണുന്നു. എന്നാൽ ആവശ്യകതാനിർണ്ണയം നടത്തിയതായി കാണുന്നില്ല. ഓരോ യുവജന ക്ലബ്ബുകൾക്കും നൽകിയ സ്പോർട്സ് ഉപകരണങ്ങൾ കൈപ്പറ്റ് രസീതിൽ സൂചിപ്പിച്ചിട്ടില്ല. ഉപകരണങ്ങൾ വിതരണം നടത്തിയതിന്റെ കൃത്യമായ രേഖകൾ ലഭ്യമായിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളും, ഉത്തരവുകളും കൃത്യമായി പാലിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 344500 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 344500 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 344500 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 344500 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | പാലിന് സബ്സിഡി | 486549 | 13451 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി | 100000 | ഇല്ല |

വാർഷിക ധനകാര്യപത്രികയിൽ(ബി-4 ഷെഡ്യൂൾ) ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളായി യഥാക്രമം 6,00,000/-രൂപ, 2,00,000/- രൂപ എന്നിങ്ങനെ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ നീക്കിയിരിപ്പ് വിശദാംശം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | പദ്ധതി നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | SO088/18 | 3000000 | 2226043 | 773955 |
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(എസ്.സി.) | SO140/18 | 710335 | 568248 | 142087 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | SO161/18 | 434425 | - | 434425 |
| ഭൂഗർഭ ജലവിഭവ | വേങ്ങോട് മാർക്കറ്റിൽ | SO162/18 | 69600 | 42810 | 26790 |

| | | | | | | |
|---|---|---|---|---|---|---|
| വകുപ്പ് | കുഴൽകിണർ നിർമ്മാണം | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി -മുതൽ തിരിച്ചടവ് | ജി.ഒ(എം.എസ്)275/ 10/ ത.സ്വ.ഭ.വ തീയതി 27.01.2011 | 14802000 | 2960400 | 1480200 | 191008 | 1480200 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും,ഉദ്യോഗപ്പേരും | രസീത് നം/തിയതി |
|---|---|---|---|---|
| 2000-01 | 40(1) | 50459 | ശ്രീ.കെ.മോഹനൻ നായർ | 22.04.2003 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

-ഇല്ല-

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,59,40,539/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,63,82,889/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 13,027/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 58,926/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18,53,537/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരുംഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1,700/- | | ശ്രീ.കെ. ബാബു, സെക്രട്ടറി |
| 2-9 | 11,327/- | | ശ്രീ. പത്മചന്ദ്രൻ നായർ, അസി. എഞ്ചിനീയർ |
| 3-11 | | 9,384/- | ശ്രീ. പത്മചന്ദ്രൻ നായർ, അസി.എഞ്ചിനീയർ |
| 3-12(എ) | | 4,825/- | ശ്രീ. പത്മചന്ദ്രൻ നായർ, അസി.എഞ്ചിനീയർ |
| 3-12(സി) | | 4,619/- | ശ്രീ. പത്മചന്ദ്രൻ നായർ, അസി.എഞ്ചിനീയർ |
| 3-12(ഡി) | | 6,375/- | ശ്രീ. പത്മചന്ദ്രൻ നായർ, അസി.എഞ്ചിനീയർ |
| 3-12(ഇ) | | 3,685/- | ശ്രീ. പത്മചന്ദ്രൻ നായർ, അസി.എഞ്ചിനീയർ |
| 3-12(ഇ) (i) | | 20,471/- | ശ്രീ പത്മചന്ദ്രൻ നായർ, അസി.എഞ്ചിനീയർ |
| 3-12(ഇ)(ii) | | 1,565/- | ശ്രീ. പത്മചന്ദ്രൻ നായർ, അസി.എഞ്ചിനീയർ |
| 3-15 | | 8,002/- | ശ്രീ. പത്മചന്ദ്രൻ നായർ. സി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 12,35,170/- | ശ്രീ. കെ.ബാബു, സെക്രട്ടറി |
| | 1,42,087/- | ശ്രീ.ലാൽസിംഗ്.എസ്, അസി.സെക്രട്ടറി |
| | 1,00,000/- | ശ്രീ.സലാഹുദ്ദീൻ.എ, കൃഷി ഓഫീസർ |
| | 96,598/- | ശ്രീമതി.ഷമീന ബീഗം, ഹെഡ്മിസ്ട്രസ് |
| 3-20 | 2,00,000/- | ശ്രീമതി.ലക്ഷ്മി.വി.ആർ, മെഡിക്കൽഓഫീസർ-ഹോമിയോ |
| | 79,682/- | ശ്രീമതി.അഞ്ജു രാജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പത്മചന്ദ്രൻനായർ | അസി.എഞ്ചിനീയർ, പോത്തൻകോട് ഗ്രാമപഞ്ചായത്ത് | ഇ.ആർ.എ-11എ, മണ്ണന്തല തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി.ജി.പി7/486/2000 തീ. 02.07.2014 | 3 |
| 1997-98 | ന.എൽ.എഫ്.റ്റി.ഡി.ജി.പി.7/437/2002 തീ. 02.07.2014 | 4 |
| 1998-99 | നംഎൽ.എഫ്.റ്റി.ഡി.ജി.പി .7/438/2002 തീ.02.07.2014 | 1 |
| 1999-00 | നംഎൽഎഫ്.റ്റി.ഡി.ജി.പി.7/787/02 തീ.02.07.2014 | 2 |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/122/03 തീ.02.07.2014 | 4 |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/923/03 തീ.02.07.2014 | 8 |
| 2002-03 | നം.എൽ.എഫ്.റ്റി. ഡി.ജി. പി.7/1481/04 തീ.2.7.2014 | 1 |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1896/06 തീ.02.07.2014 | 5 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1897/06 തീ.02.7.2014 | 8 |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1135/08/ തീ.02.07.2014 | 1 |
| 2006-07 | നം.എൽ.എഫ് .റ്റി. ഡി.ജി. പി.11/1869 /08 തീ.09.12.2011 | 18 |
| 2007-08 | ന.എൽ.എഫ്.റ്റി.ഡി.ജി.പി.11/880/2013 തീ.06.07.2013 | 17 |
| 2008-09 | ന.എൽ.എഫ് .റ്റി.ഡി .ജി.പി.11/2 273 /11 തീ.28.11.2013 | 12 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി .ജി.പി.11 /2274/11 തീ.11.04.2013 | 15 |

| | | |
|---|---|---|
| 2010-11 | ന.എൽ.എഫ് .റ്റി. ഡി.ജി.പി. 11/1974/13 തീ.04.01.2014 | 11 |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1113/2013 തീ.08.04.2014 | 11 |
| 2012-13 | ന.എൽ.എഫ്.റ്റി.ഡി.ജി.പി.11/9977/ 2014 തീ .16.06.2015 | 13 |
| 2013-14 | നംകെ.എസ്.എ.റ്റി.വി.എം.ജി.പി.11/288/2016 തീ.16.03.2016 | 11 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1365/2016 തീ.01.08.2016 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/2066/2016 തീ.03.12.2016 | 22 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1658/2017 തീ.05.08.2017 | |

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോള ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ ഓഡിറ്റ് റിപ്പോർട്ടിലും, ഈ റിപ്പോർട്ടിലെ ഖണ്ഡിക1-12 ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.